# ജാമക്കാരൻ
# JAMAKKARAN

VOLUME - 4 Reg NO.TNBIL/2016/70171 ISSUE -4
APRIL - 2020 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. **9894261333 This No. is for SMS Purpose only**



ക്രിസ്തുവിൽ പ്രിയമുള്ളവരെ;

നിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ

മലേഷ്യാ പെനാംഗ്

(1) വിക്ടറി ലൂഥറൻ ചർച്ച്

(2) ബാറ്റ്മോംഗ് ബാപ്റ്റിസ്റ്റ് ചർച്ച്

(3) ബുക്കിറ്റ് മെർത്താജാമ് ലൂഥറൻ ചർച്ച്

(4) കോലാലമ്പൂർ പോർട്ട്ക്ലോങ്ങ് ലൂഥറൻ ചർച്ച് എന്നിവിടങ്ങളിൽ യോഗങ്ങൾ അനുഗ്രഹമായി നടന്നു.

(5) (മലേഷ്യാ) ജോഹർ ബാരുവിൽ വിശ്വാസികളുടെ ചെറിയ ഒരു ഐക്യയോഗം ഒരു ഭവനത്തിൽ വച്ച് നടന്നു. ഇവിടെ കൂടിയിരുന്ന വിശ്വാസികൾ നല്ല വേദവചന ചോദ്യങ്ങളെ മനസു തുറന്നു ചോദിച്ചപ്പോൾ ഞാനും ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് ഉത്തരം കൊടുത്തത് ഒരു പ്രസംഗമായി തീർന്നു.

(6) **ചൈനയിൽ** തുടങ്ങിയ കൊറോണ വൈറസ് രോഗം ചൈനയുടെ അടുത്തുള്ള തായ്‌ലാന്റിലും വ്യാപിച്ചതു കാരണം അവിടെ എ.സി. യുള്ള ആരാധനാലയങ്ങളെല്ലാം അടച്ചു പൂട്ടിയിരുന്നു. **യോഗങ്ങൾ** ഒന്നും നടത്താൻ പാടില്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മീൻ, ഇറച്ചി

# APRIL - 2020

മാർക്കറ്റുകൾ അടച്ചു പൂട്ടി. അതുകൊണ്ട് **ഞാൻ പ്രസംഗിക്കേണ്ടിയിരുന്ന യോഗങ്ങൾ** അടുത്ത വർഷത്തേയ്ക്കു മാറ്റിവച്ചു. എന്നാൽ അടുത്ത വർഷത്തേയ്ക്കു ഞാൻ ഡേറ്റ് അവർക്ക് കൊടുത്തില്ല.

(7) സിംഗപ്പൂർ : ആദ്യം മാർത്തോമാ & C.S.I. സഭ വിശ്വാസികൾ ഒരുമിച്ച് ഒരു വിട്ടിൽ പ്രരത്തന യോഗം ക്രമീകരിച്ചിരുന്നു. അത് അനുഗ്രഹമായി നടന്നു. സിംഗപ്പൂർ യോഗങ്ങൾക്ക് മൂന്നു ദിവസം മാത്രമേ മാറ്റിവച്ചിരുന്നുള്ളു. അതുകൊണ്ട് സിംഗപ്പൂരിലുള്ള മറ്റു സഭകൾക്ക് ഡേറ്റ് കൊടുക്കാൻ കഴിഞ്ഞില്ല. എന്നാൽ ജാമക്കാരൻ വായനക്കാരുടെ വീട്ടിൽ വച്ച് ചെറിയ ഒരു ഐക്യ ആത്മീയ ആലോചന കുടുംബയോഗം നടത്താൻ കഴിഞ്ഞു. ഹിന്ദു മതത്തിൽ നിന്നും ക്രിസ്തുവിനെ സ്വീകരിച്ച നല്ല ആഴമായ വിശ്വാസമുള്ള ഒരു കുടുംബത്തോട് ഒരു മണിക്കൂറും നാല്പതു നിമിഷവും ആലോചനകളെ പങ്കിട്ടത് എനിയ്ക്ക് വളരെ തൃപ്തികരമായിരുന്നു. അവർക്ക് അത് പ്രയോജനകരമായി രുന്നിരിക്കും എന്നു ഞാൻ കരുതുന്നു.

അതോടൊപ്പം യാദൃശ്ചികമായി ഹിന്ദുമതത്തിൽ നിന്നും യേശുവിനെ സ്വീകരിച്ച അദ്ദേഹം എന്റെ ***YouTube*** പ്രസംഗംകേട്ട് ഇന്ത്യയിൽ നിന്ന് ഫോൺ മൂലമായി എന്നോട് പല പ്രാവശ്യം സംസാരിച്ചിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിലാണ് അധിക സമയം ഞാൻ ചിലവഴിച്ചത്. വചനത്തെ കേൾക്കുന്നതിന് അവർക്കുള്ള ദാഹത്തെ കണ്ട് ഞാൻ ആശ്ചര്യപ്പെട്ടു പോയി. എല്ലാപേരും നല്ല വിദ്യാഭ്യാസം ഉള്ളവരായിരുന്നതുകൊണ്ട് വചനത്തെ മനസിലാക്കി കൊടുക്കാൻ എനിയ്ക്ക് എളുപ്പമായി. അവസാനമായി സിംഗപ്പൂർ ആംഗ്ലിക്കൻ ചർച്ചിന്റെ പഴയ സെക്രട്ടറിയുടെ വീട്ടിലും വചനത്തെ സംസാരിച്ച് പ്രാർത്ഥിച്ച് ഞാൻ ഇന്ത്യയിലേയ്ക്ക് മടങ്ങി. കർത്താവിന്റെ നാമം മഹത്വപ്പെട്ടത്.

## കൊറോണ വൈറസ്

മരുന്നു കണ്ടു പിടിയ്ക്കാൻ കഴിഞ്ഞിട്ടില്ലാത്ത പല പുതിയ വൈറസുകളേയും നമുക്ക് അറിയാം. ആ കൂട്ടത്തിൽ **കൊറോണ വൈറസ്**

ചൈന ദേശത്തിൽ ഉണ്ടായി. ചൈന ദേശത്തിൽ തന്നെ പടർന്ന് പിടിച്ച് കൂട്ടം കൂട്ടമായി ആയിരക്കണക്കിന് ജനങ്ങൾ മരിച്ചു വീഴുകയായിരുന്നു.

പ്രതിരോധ മരുന്നു ഇതുവരെ കണ്ടു പിടിയ്ക്കാൻ കഴിയാത്തതുകൊണ്ട് ഈ രോഗത്തെ തടയാൻ കഴിയാതെ ഇപ്പോൾ ആ വൈറസ് കൃമി ലോകം മുഴുവനും പടർന്നു പിടിച്ചു. ഈ വൈറസ് കാറ്റിലാണ് പകരുന്നത്. തുമ്മിയാൽ, ചുമച്ചാൽ, ബസിൽ അല്ലെങ്കിൽ എസ്കലേറ്ററിൽ, ട്രയിനിലുള്ള **കൈപിടിയിൽ** കൈവയ്ക്കുമ്പോൾ വളരെ പെട്ടെന്ന് പകരുന്നു. അതുകൊണ്ട് കൈകളെ സോപ്പു കൊണ്ട് കഴുകി ശുദ്ധീകരിക്കണ മെന്ന പരസ്യം ലോകം മുഴുവനും കാണിച്ചുകൊണ്ടിരിക്കുന്നു.

ആറ്റം ബോംബുകൊണ്ട് ഒരു പ്രത്യേക സ്ഥലത്തെ മാത്രമേ നശിപ്പിയ്ക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ശാസ്ത്രജ്ഞൻമാർ പുതിയതായി കണ്ടുപിടിച്ചതാണ് **വൈറസ് ബോംബ്.**

ഈ ബോംബ് ഒരു നാട്ടിൽ പൊട്ടിത്തെറിച്ചാൽ കെട്ടിടങ്ങൾക്ക് നാശമുണ്ടാകുകയില്ല. ആ ബോംബിൽ വച്ച് അയച്ച **സംഹാര രോഗകൃമികൾ** ആ ബോംബു പൊട്ടിതെറിച്ച ദേശമെങ്ങും കാറ്റിൽ പടർന്ന് **ശാസ്ത്രത്തിന് കണ്ടുപിടിയ്ക്കാൻ കഴിയാത്ത കൃമികൾ മനുഷ്യശ്വാസകോശത്തെ തകർത്ത്** ചില മണി നേരത്തിൽ മനുഷ്യരെ കൊന്നുകളയുന്നു. അങ്ങനെ ഓരേ വീട്ടിലുള്ള എല്ലാവരും മരിച്ചുപോകുന്ന സംഹാരരോഗമാണ്. ആദ്യം ബോംബ് വീണ നഗരത്തിലുള്ളവർ മരിച്ചുപോകും. **വൈറസ് വവ്വാൽ, പാമ്പ്** തുടങ്ങിയവയിൽ പടർന്ന് അവ എവിടെയെല്ലാം പോകുന്നോ അവിടെ എല്ലാം ആ വൈറസ് പടർന്ന് പെരുകി ദേശത്തെ തന്നെ നശിപ്പിക്കാൻ ശക്തിയുള്ളതാണ്.

കൊല്ലപ്പെട്ട ഇറാക്ക് പ്രസിഡന്റ് സദ്ദാം ഹുസൈൻ ഇങ്ങനെയുള്ള ബോംബ് കൈവശം വച്ചിരിക്കുന്നതായി ലോകനാടുകളെയും പ്രത്യേകിച്ച അമേരിക്കയേയും ഭീഷണപ്പെടുത്തി വന്നിരുന്നു. അതിന് ശേഷമാണ് ലോകരാഷ്ട്രങ്ങൾ തലയിട്ടത്. ഇപ്പോൾ ലോകത്തിൽ മൂന്ന് രാഷ്ട്രങ്ങൾ ഇങ്ങനെയുള്ള വൈറസുകളെ പടർത്തുന്ന ഭയങ്കര ആറ്റംബോംബുകൾ കൈവശം വച്ചിട്ടുള്ളതായി നാം അറിയുന്നു. കിംവദന്തിയായി (കേട്ടുകേൾവി) വന്ന വാർത്ത എന്തെന്നാൽ ഈ ഭയങ്കര കൊറോണ വൈറസ് കണ്ടുപിടിച്ച ചൈനയിലെ

ശാസ്ത്രജ്ഞൻമാരുടെ കാത്തുസൂക്ഷിക്കപ്പെട്ട പരിശോധന മുറിയിൽ നിന്ന് എങ്ങനെയോ ശാസ്ത്രജ്ഞൻമാർ അറിയാതെ പടർന്ന വൈറസ് ചൈന ജനങ്ങളെ തന്നെ കൊന്നു. ചൈനയുടെ പ്രസിഡന്റ് ആ ദേശത്തെ വിട്ട് പുറത്തുപോയി ഒളിച്ചു. ഇടയ്ക്ക് ഒരുദിവസം മാത്രം ഒരു പ്രത്യേക ആശുപത്രിയിൽ വന്ന് ഒരു രോഗിയോടു കൂടെ നില്ക്കുന്നതുപോലെ ഫോട്ടോ എടുത്ത് അത ടിവിയിൽ ചൈന മുഴുവനും കാണിച്ചതിനുശേഷം ചൈന പ്രസിഡന്റ് അവിടം വിട്ട് പോയി.

ശത്രുരാജ്യത്തെ സംഹരിയ്ക്കാനായി ചൈന ഒരുക്കി വച്ച വൈറസ് അവരുടെ ദേശത്തിലെ ജനങ്ങളെ തന്നെ ആക്രമിച്ചുകൊണ്ടിരിക്കുന്നു.

## ഇപ്പോൾ നടക്കുന്നതെന്താണ്?

ചൈന ജനങ്ങളെ തങ്ങളുടെ ദേശത്തേയ്ക്കു വരേണ്ട എന്ന് ലോക രാജ്യങ്ങൾ പരസ്യമായി അറിയിച്ചു കഴിഞ്ഞു. അതിൽ സിംഗപ്പൂർ വളരെ ജാഗ്രതയായി ചൈനാ ദേശത്തിൽ നിന്നു വന്ന വിമാനങ്ങളെ വിമാതാവളത്തിൽ ഇറങ്ങാൻ സമ്മതിയ്ക്കാതെ ദയാദാക്ഷിണ്യമില്ലാതെ തിരിച്ചയച്ചു.

സിംഗപ്പൂരിൽ ഒരേ ഒരു വ്യക്തിയ്ക്ക് മാത്രം കൊറോണ വ്യാധി ഉള്ളത് കണ്ടുപിടിച്ച് അദ്ദേഹത്തെ കപ്പലിൽ കയറ്റി കടലിൽ നടുവിൽ താമസിപ്പിച്ചു ചികിത്സിച്ചു കൊണ്ടിരിക്കുന്നു.

## അന്ത്യകാലം അടുത്തിരിക്കുന്നു

ലൂക്കോസ് 21 : 11 –ൽ പറഞ്ഞിരിക്കുന്നതുപോലെ അന്ത്യകാലത്തിലെ അടയാളങ്ങളിൽ ഒന്നാണ് മഹാവ്യാധികൾ. ഡെങ്കുപനിപോലെ ഈ വ്യാധിയും മഹാവ്യാധിയോട് ചേർന്നതാണ്.

ദേശത്തിലുള്ള ജനങ്ങൾ തങ്ങളെ തന്നെ താഴ്ത്തി ദൈവത്തെ അന്വേഷിച്ചാൽ തീർച്ചയായും രോഗങ്ങളെ നീക്കി ദൈവം നമുക്ക് സൗഖ്യത്തെ തരും. ഞാൻ ദേശത്തെ നശിപ്പിയ്ക്കാതെ വണ്ണം അതിന് മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നില്ക്കേണ്ടതിന് ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു. കണ്ടില്ലതാനും എന്നു ദൈവം പറയുന്നു (യെഹ. 22 : 30).

താഴെ ഫോട്ടോയിൽ കാണുന്നത് ചൈന ദേശത്തിലെ ആ പ്രത്യേക

സംസ്ഥാനത്തിലുള്ള എല്ലാ ഹോസ്പിറ്റലുകളും രോഗികളാൽ നിറഞ്ഞു കവിഞ്ഞതുകൊണ്ട് 5 ദിവസത്തിനുള്ളിൽ വളരെ വേഗത്തിൽ കെട്ടിയുണ്ടാക്കിയ ആയിരക്കണക്കിന് കിടക്കകളുള്ള താല്ക്കാലിക ആശുപത്രിയെ ആണ്.

ഇതിൽ ക്രൂരത എന്താണെന്നാൽ ചൈനയിലെ ഗ്രാമങ്ങളിലുള്ള രോഗികളെ സുഖമാക്കാൻ കഴിയില്ല എന്നറിഞ്ഞിട്ട് പട്ടാളം തന്നെ അവരെ വെടിവച്ച് കൊന്നു സ്വന്തക്കാർക്ക് കൂടെ കാണാൻ കഴിയാത്തവണ്ണം തീവച്ച് എരിച്ചു കളയുന്നു.

ചൈനയിൽ പിശാചിനെ (ഡ്രാഗൺ) ആരാധിക്കുന്ന ചൈനക്കാരെക്കാൾ **ബുദ്ധമത ചൈനക്കാരാണ്** എണ്ണത്തിൽ അധികം. എന്നാൽ സർവ്വാധികാര ഭരണം നടക്കുന്നതുകൊണ്ട് അവരെക്കൊണ്ട് ഒന്നും ചെയ്യാൻ കഴിയില്ല.

- ☐ അവസാനമായി വന്ന വാർത്ത മിക്കവാറും ചൈന പട്ടണങ്ങളിൽ ഉള്ള **രഹസ്യ ക്രിസ്ത്യാനികളാണ്.** പല പട്ടണങ്ങളിൽ ചെന്ന് രോഗികൾക്ക് സഹായം ചെയ്ത് ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് പറയുന്നത്. അവർമൂലം **പ്രാർത്ഥിച്ച് സൗഖ്യം പ്രാപിച്ചവർ** ധാരാളം എന്ന വാർത്ത കേട്ട് ദൈവത്തെ സ്തുതിക്കുന്നു.

  എങ്ങനെയോ ചൈനയിൽ നിന്നു പടർന്ന കൊറോണ വൈറസ് എന്നെ തൊരത്തി തൊരത്തി ഓരോ നാടും കടന്ന് ഒരു **മുഖം മൂടിയും അണിയാതെ** ഞാൻ ഇന്ത്യയിൽ വന്നു ചേർന്നു. ദൈവത്തിന് മഹത്വം

- ☐ മലേഷ്യ, സിംഗപ്പൂർ ശുശ്രൂഷയ്ക്ക് ഞാൻ ചെന്ന 15 ദിവസങ്ങളിൽ നിങ്ങൾ എഴുതിയ കത്ത്, ഇ–മെയിൽ, എസ്.എം.എസ്. എല്ലാം വായിച്ച് പ്രാർത്ഥിച്ച് മറുപടി എഴുതിക്കൊണ്ടിരിക്കുന്നു. അവയെല്ലാം എഴുതിക്കഴിഞ്ഞ് ഇന്ത്യയിൽ തമിഴ്നാട്ടിൽ ഇരട്ടക്കോട്ട – തണ്ടാ എന്ന മല ആദിവാസികളുടെ അടുക്കൽ മെഡിക്കൽ ക്യാമ്പ് – അതോടുകൂടെ സുവിശേഷ പ്രവർത്തനം ചെയ്യാൻ പുറപ്പെട്ടു കഴിഞ്ഞു. എന്റെ കൂടെ ഡോ. ശ്രീമതി ഇന്ദുമതി എം.ബി.ബി.എസ്. (ഗവ. ഡോക്ടർ) അവർകളും

ആസ്ട്രേലിയായിൽ നിന്നു വന്ന തമിഴ് സഹോദരൻമാരായ സഹോ. ദേവരാജ്, സഹോ. ജോൺ നൈറ്റ് എന്നിവരും ശുശ്രൂഷയിൽ പങ്കുചേരുന്നു. പാസ്റ്റർ പിച്ചയ്യാ ടീമാണ് ഈ മലപ്രദേശത്തുള്ള ശുശ്രൂഷയ്ക്ക് ഏർപ്പാട് ചെയ്തിരിക്കുന്നത്. തുടർന്നും ഞാൻ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

നിങ്ങൾ അയച്ചു തന്ന സ്തോത്രകാഴ്ചകൾ വന്നു ചേർന്നു. വളരെ നന്ദി. കർത്താവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ.

**ഡോ. പുഷ്പരാജ്**

## 2020 എന്റെ ദൈവവേല വിവരങ്ങൾ

| | | | | |
|---|---|---|---|---|
| **February** | 10-2-2020 | to | 15-2-2020 | **Village Ministry Soranadu** |
| | 21-2-2020 | to | 23-2-2020 | Pastor Pichia Missionery Fellowship, **HILL TRIBE MINISTRY** |
| | 28-2-2020 | to | 1-3-2020 | **TDTA English Church Convention, Tirunelvelli** |
| **March** | 6-3-2020 | to | 8-3-2020 | **C.S.I. St. Luck Church Convention,Tirupur** |
| | 20-3-2020 | to | 22-3-2020 | **C.S.I. Christ Church Convention, Coimbatore Diocese** |
| | 24-3-2020 | to | 30-3-2020 | **North India Meeting, Jarkhand, CNA Churches** |
| **April** | 3-4-2020 | to | 5-4-2020 | **Madurai Diocese St. Peters Church, Satchiapuram** |
| | 6-4-2020 | to | 8-4-2020 | **West Gate C.S.I. Church, Madurai Diocese** |
| | 17-4-2020 | to | 19-4-2020 | **Jargand C.N.I. Church,** |
| | 24-4-2020 | to | 26-4-2020 | **Panjakala C.S.I. Church Convention** |
| **May** | 4-5-2020 | to | 5-5-2020 | **Kakkamoola C.S.I. Union Convention, (Kerala)** |
| | 8-5-2020 | to | 10-5-2020 | **Devicode C.S.I. Church Convention, K.K. Diocese** |
| | 13-5-2020 | to | 14-5-2020 | **Kalladi Sithem (Parapuram) C.S.I. Convention** |
| | 15-5-2020 | to | 17-5-2020 | **Pragasapuram C.S.I. Convention, Tuticorin Diocese** |
| | 22-5-2020 | to | 24-5-2020 | **Syarpuram C.S.I. Convention, Tuticorin Diocese** |
| | 26-5-2020 | to | 27-5-2020 | **East Parapadi TDTA Diocese Convention,** |

**June SRI LANKA Medhadist Church Pastors' Conference**

# ചോദ്യം..... .....ഉത്തരം

## യേശു ക്രിസ്തുവാണോ ദൈവപുത്രനാണോ

**ചോദ്യം** **യേശുക്രിസ്തുവാണോ? ദൈവപുത്രനാണോ?**

**ഉത്തരം** ആദ്യ അപ്പോസ്തലൻമാരായ പൗലോസും പത്രോസും **യഹൂദൻമാരുടെ ഇടയിൽ** പ്രസംഗിക്കുമ്പോൾ ബത്‌ലഹേമിൽ പിറന്ന് മരിച്ചു ഉയർത്തെഴുന്നേറ്റ നസ്രയനായ **യേശുവാണ് ക്രിസ്തു മിശിഹാ** എന്നും, **ദൈവപുത്രൻ** എന്നും **വേദവചനങ്ങളെ** ദൃഷ്ടാന്തമാക്കി ക്കൊണ്ട് അവരെ ക്രിസ്തുവിൽ വഴി നടത്തി വന്നു (അപ്പോ. 18:28, 2:36, 9:22,20) അങ്ങനെയെങ്കിൽ **ക്രിസ്തുവും ദൈവപുത്രനും** മുമ്പ് തന്നെ ഉണ്ടായിരുന്നുവെന്ന് യഹൂദൻമാർ അറിഞ്ഞിരിക്കണം.

ആവർത്തനം 6:4 –ൽ യിസ്രയേലേ കേൾക്ക! യഹോവ നമ്മുടെ ദൈവമാകുന്നു. **ഏകൻ തന്നെ** – ***Hear O Israel The LORD our God is one LORD*** എന്നുള്ളത് വിശ്വസിച്ച്, ഏകദൈവം നമുക്കുണ്ടെന്ന് ഏറ്റു പറയുന്ന യിസ്രയേൽ ജനങ്ങൾ ഇപ്പോൾ **ക്രിസ്തു എന്നും ദൈവപുത്രനെന്നും** വേറൊരു **ആളത്വത്തെ** അവർ അറിഞ്ഞിട്ടുണ്ടോ? അവനിൽ ദൈവത്വത്തെ അനുഭവിച്ചറിഞ്ഞിട്ടുണ്ടോ? അവരുടെ അടിസ്ഥാന വിശ്വാസത്തിന്റെ ആരംഭസ്ഥാനം എന്ത്?

1 തിമോ. 6 : 16 –ൽ പറഞ്ഞിട്ടുള്ളതുപോലെ താൻ മാത്രം **അമർത്യതയിലുള്ളവനും** അടുത്തുകൂടാത്ത **വെളിച്ചത്തിൽ വസിക്കുന്നവനും** മനുഷ്യർ ആരും കാണാത്തതും, കാൺമാൻ കഴിയാത്തവനും എന്നുള്ളത് യഹൂദൻമാർ നന്നായി അറിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് മോശക്കുപോലും ദൈവത്തിന്റെ തേജസ് മുഴുവനും കാണാൻ കഴിയാതെ പോയത് (പുറ. 33 : 18– 20). ദൈവത്തിന്റെ ദൂതനെ കണ്ടപ്പോൾ ദൈവത്തെ കണ്ടതുകൊണ്ട് നാം മരിച്ചുപോകും എന്ന് മനോഹ ഭാര്യയോടു പറഞ്ഞു (ന്യായ. 13 : 22) **ആകയാൽ ദൈവത്തെ കാണാൻ കഴികയില്ല** എന്നും **ദൈവത്തിന്റെ ദൂതനും ദൈവമായിരുന്നു** എന്ന് **ആ കാലഘട്ടത്തിൽ** വിശ്വസിച്ചിരുന്നു. മുൾപടർപ്പിൽ മോശയുടെ മുമ്പിൽ ദർശനം കൊടുത്ത് ദൂതനായി വന്നവനെയാണ് (പുറ. 3:2). അബ്രഹാമിന്റെ **ദൈവം**, ഇസഹാക്കിന്റെ **ദൈവം**, യാക്കോബിന്റെ **ദൈവം** എന്നു യഹൂദൻമാർ അറഞ്ഞുവച്ചിരിക്കുന്നത്. യാക്കോബിനോടു മല്ലുപിടിച്ച ദൂതൻ ദൈവമാണെന്നും **സൈന്യങ്ങളുടെ ദൈവമായ യഹോവ** എന്നുള്ളത് അവന്റെ നാമമാണെന്നും (ഹോശയ. 12 : 4–5) അവർ അറിഞ്ഞു വച്ചിരിക്കുന്നു.

അതുകൊണ്ട് ആദിമുതൽ മനുഷ്യരോടുകൂടെ **ഇടപെട്ടിരുന്ന ഒരുവൻ** ഉണ്ടെന്നും അവനും **ദൈവമാണെന്നും** വേദവചന അടിസ്ഥാനത്തിലും, ജീവിതസാഹചര്യങ്ങളിലും യിസ്രയേല്യർ അനുഭവിച്ചറിഞ്ഞിരുന്നു. സദൃ. 30:4 –ൽ അപ്രകാരം **ദൈവവും ദൈവപുത്രനും** ഉണ്ടായിരുന്നു എന്നു നാം അറിയുന്നു (സങ്കീ. 2:7; എബ്രാ. 1:2,8,6; യോഹ. 3:16; മത്താ. 10:16; യെശയ്യാ 21:10; കൊലോ. 1:5,13; ലൂക്കോ. 8:28; റോമ. 1:5–13; 1 യോഹ. 4:9,10,14; മത്താ. 27:40,43; ലൂക്കോ. 1:25; യോഹ. 19 :7, യോഹ. 3:17) പോലുള്ള വചനങ്ങളെ ധ്യാനിക്കുമ്പോൾ **ദൈവപുത്രൻ** എന്ന **ഒരുവൻ സ്വർഗ്ഗത്തിൽ തന്നെ** ഉണ്ടെന്നും അവൻ **ദൈവത്തിന് തുല്യമായവനാണെന്നും** (ഫിലിപ്പിയർ 2:6, യോഹ. 1:1) ഇസ്രയേൽ മക്കൾ അറിഞ്ഞിരിക്കുന്നു. **ആ ദൈവപുത്രൻ** ഭൂമിയിലേക്ക് വരും എന്നും **രാജാവായി വാഴും** എന്നും (യെശയ്യാ 9:6, 7–14; ലൂക്കോ. 1:32,33; യെശയ്യാ 23:5,6; അപ്പോ. 15:17; സെഖ. 9:9; മത്താ. 21:9)

അവർ കാത്തിരുന്നു. അതുകൊണ്ടാണ് യോഹന്നാൻ സ്നാപകൻ ചോദിച്ചത് വരുവാനുള്ളവൻ നീയോ? മഹാപുരോഹിതനും നീ ദൈവപുത്രനാണോ എന്നു ചോദിച്ചു (മത്താ. 26:53) പിശാചും യേശുവിനെ ദൈവപുത്രൻ എന്നു തന്നെ ഏറ്റുപറയുന്നു (ലൂക്കോ. 8:28).

മാത്രമല്ല **ക്രിസ്തു** എന്നത് **ഗ്രീക്ക് വാക്കാണ്. മശിഹാ** എന്നത് **എബ്രായ** വാക്കാണ്. **ക്രിസ്തു** എന്നാൽ **വരാൻ പോകുന്നവൻ,** അഭിഷേകം പ്രാപിച്ചവൻ എന്നാണ് അർത്ഥം. **ആദിയിൽ വചനമായിരുന്ന്** ദൈവപുത്രനായി സ്വർഗത്തിൽ ഇരുന്നവനാണ്. **ക്രിസ്തു** എന്നും **അവൻ വരും** എന്നും യഹൂദൻമാർക്ക് നന്നായിട്ടറിയാം (യോഹ. 9:22, 10:24; മത്താ. 26:63; മർക്കോ. 14:61; ലൂക്കോ. 4:41; യോഹ. 12:34; അപ്പോ. 2:36) പോലുള്ള വചനങ്ങൾ പ്രകാരം **ദൈവപുത്രനാണ് ക്രിസ്തു മശിഹാ എന്നും** അവർ അറിഞ്ഞിരുന്നു. മാർത്തയും ശമര്യാസ്ത്രീയും കൂടെ **ക്രിസ്തു വരും** എന്നു വിശ്വസിച്ചു (യോഹ. 11:27, 4:25,26) **വരാൻ പോകുന്ന ക്രിസ്തുവായ മശിഹാ** കഷ്ടപ്പാടുകൾ സഹിയ്ക്കുമെന്നും **സംഹരിക്കപ്പെടുമെന്നും മൂന്നാംദിവസം** ഉയർത്തെഴുന്നേൽക്കുമെന്നും വേദം അവരോടു പറഞ്ഞിട്ടുണ്ട് (യെശയ്യാ 53, ദാനി. 9:26; ലേവി 23:5–11;, സങ്കീ. 118:22–24; യെശയ്യാ 25:8; സെഖ. 13:14) എന്നാലും മശിഹാ രാജാവായി രാജ്യം ഭരിക്കുമെന്നാണ് അവർ അധികമായി വിശ്വസിച്ചിരുന്നത്. **അടിമത്വത്തിൽ കിടന്നവർക്ക് ഭരണം, അധികാരം** വേണമെന്നതി ലാണ് അവർ കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്നത്. അതുകൊണ്ട് മശിഹാ **പ്രഭുക്കൻമാരുടെ വഴിയിൽ** വരുമെന്നു വിചാരിച്ചു **തച്ചന്റെ മകനായി** വരുമെന്ന് അവർ പ്രതീക്ഷിച്ചില്ല. അവരുടെ ആത്മീയ കണ്ണുകളെ പിശാചു കുരുടാക്കിക്കളഞ്ഞു. **രക്തം ചിന്തി രക്ഷയിലേക്ക്** നടത്തും, രക്ഷകനായി വരും എന്ന വിശ്വാസത്തെ പിശാച് നശിപ്പിച്ചു. അതുകൊണ്ടാണ് യേശുവിനെ ആരെന്നറിയാതെ **കുരിശിൽ തറച്ചു** കൊന്നത്. **യഹൂദൻമാർ മശിഹാ എന്ന ദൈവപുത്രൻ വരും എന്നും രാജ്യത്തെ തങ്ങൾക്ക് തരും എന്നും ഇന്നുവരെ വിശ്വസിച്ചുകൊണ്ട് യരുശലേമിലുള്ള പഴയ ആലയത്തിന്റെ ചുവരിലുള്ള ഒരു ഭാഗത്ത് (വിലാപ മതിൽ)** ***weep-***

***ing wall*** **തലയിടിച്ച് പ്രാർത്ഥിക്കുന്നു.** അവർ മശിഹാ വരും എന്ന് ഇന്നും വിശ്വസിക്കുന്നു. അതുകൊണ്ടാണ് **അവർ ചെയ്യുന്നത് ഇന്നതെന്ന് അവർ അറിയുന്നില്ല** എന്ന് യേശു ക്രൂശിൽ കിടന്നുകൊണ്ട് പറഞ്ഞത്.

**ഇങ്ങനെയുള്ളവരുടെ** മദ്ധ്യേ **പത്രോസ് പ്രസംഗിച്ചത്** നിങ്ങൾ **ക്രൂശിച്ച യേശുവിനെ,** നമ്മുടെ ദൈവം, **കർത്താവും, ക്രിസ്തുവും** ആക്കി എന്ന് യിസ്രയേൽ ഗോത്രക്കാർ എല്ലാവരും അറിയട്ടെ എന്ന് ആണ് (അപ്പോ. 2:36) പൗലോസും പരസ്യമായി യഹൂദൻമാരുടെ ഇടയിൽ ശക്തമായി തർക്കിച്ചു. **യേശുവേ ക്രിസ്തു എന്നും ദൈവപുത്രനെന്നും വേദവാക്യങ്ങളെ** ചൂണ്ടിക്കാണിച്ചുകൊണ്ട് വ്യക്തമാക്കി (അപ്പോ. 18:28, 9:20) അതുകൊണ്ട് **ദൈവത്തിന്റെ വചനമാണ് ദൈവപുത്രനായി, വരാനുള്ള ക്രിസ്തുവായി സ്വർഗ്ഗത്തിൽ ഇരുന്നു** എന്ന് യിസ്രയേൽ ജനങ്ങൾ എല്ലാവരും വിശ്വസിച്ചിരുന്നു എന്ന് നമുക്ക് മനസിലാക്കാൻ കഴിയുന്നു. ഇതുകൊണ്ടാണ് **ക്രിസ്തുനിമിത്തം** അതായത് **വരാനുള്ള വചനം നിമിത്തം** മശിഹ നിമിത്തം വരുന്ന നിന്ദകളെ അധിക ഭാഗ്യം എന്ന് മോശ അന്നേ കരുതിയിരുന്നു എന്ന് എബ്രായർ 11:26 –ൽ പറയുന്നത്. **ഈ യേശുവിനെ ദൈവപുത്രനായും ക്രിസ്തുവായും ദൈവവചനമായും ദൈവമായും കർത്താവായും പിതാവിന് തുല്യമായവനായും വേദവാക്യങ്ങൾ മൂലം** വെളിപ്പെടുത്തി അവർ മൂലമായി അവന്റെ മരണം കൊണ്ട് മനുകുലത്തിന് രക്ഷ വന്നിരിക്കുന്നു എന്ന് **ആദി അപ്പോസ്തലൻമാർ** പ്രസംഗിച്ചത്. അതുകൊണ്ടാണ് പത്രോസ് പ്രസംഗിച്ചപ്പോൾ 3000 പേർ എന്നും 5000 പേരെന്നും യിസ്രയേല്യരിൽ പലർ രക്ഷയിലേയ്ക്ക് വന്നത്. അവന്റെ **നാമം, ശക്തി, അധികാരം, മഹത്വം, കീർത്തി, സ്നേഹം ഇവ എല്ലാം യിസ്രയേലിൽ മാത്രമല്ലാതെ പുറജാതികളിലേക്കും** പ്രസ്താവിക്കപ്പെട്ടു. യേശുവിന്റെ ആദ്യത്തെ വരവിൽ രക്ഷ, രണ്ടാമത്തെ വരവിൽ **യഹൂദൻമാർക്ക് രാജ്യം** കിട്ടുമെന്നും ഏറ്റു പറഞ്ഞ് ഉറപ്പിച്ച് അവർക്ക് പരിശുദ്ധാത്മാവിന്റെ സഹായത്താൽ വിശ്വാസത്തെ **ഊട്ടിയുറപ്പിച്ചു.** തങ്ങൾ **രക്തസാക്ഷിയായി** മരിച്ചാലും സാരമില്ല **തങ്ങൾക്കായി രക്തം ചൊരിഞ്ഞ** പിതാവിന്റെ പുത്രനെ

**മഹത്വപ്പെടുത്തണം** എന്ന വാഞ്ചയോടെ ആ അപ്പോസ്തലൻമാർ തങ്ങളുടെ **ജീവിതകാലം മുഴുവനും ചിലവഴിച്ചു.** ഇതു വായിക്കുന്ന നിങ്ങളും അങ്ങനെ ജീവിക്കുന്നുണ്ടോ? നിങ്ങളെ നിങ്ങൾ തന്നെ പരിശോധിച്ചു നോക്കൂ.

പ്രിയമുള്ളവരെ

ഈ കാലം **അന്ത്യകാലം എന്നു പറയുന്നു. യേശു വേഗം വരുന്നു** എന്നു പറയുന്നു. എന്നാൽ **ആദി അപ്പോസ്തൻമാരുടെ കാലത്ത് നടന്നതുപോലെ അത്ഭുതങ്ങളും, അടയാളങ്ങളും, അതിശയങ്ങളും (*SIGNS & WONDERS*) ആശ്ചര്യങ്ങളും നടക്കുന്നില്ലല്ലോ? എന്തുകൊണ്ട് (മർക്കോ. 16:20) സഭകളുടെ എണ്ണം വർദ്ധിച്ചു കൊണ്ടേ വരുന്നു എന്നാൽ വിശ്വാസികളു**ടെ എണ്ണം വർദ്ധിക്കുന്നില്ലല്ലോ! എന്തുകൊണ്ട്? വിശ്വാസികൾ സഭയെ വിട്ടു പിരിഞ്ഞു പോകുന്നതല്ലാതെ വർദ്ധിച്ചു വളരുന്നില്ല. പുതുവത്സരം ആഘോഷിക്കുന്നു വാഗ്ദത്ത വചനകാർഡും കൊടുക്കുന്നു. (ആ വാഗ്ദത്തം നിറവേറുമോ?) ഈ 2020-ാം വർഷം **ആത്മാക്കളെ നേടുന്നതിൽ,** ആത്മീയ വർദ്ധനവിൽ, വചനം ഉറപ്പാക്കുക. അതിശയം നടക്കുന്ന കാര്യത്തിൽ 2019-ാം വർഷത്തെ പോലെയായിരിക്കുമോ? **എനിയ്ക്ക് മക്കളെ തരേണം അല്ലെങ്കിൽ ഞാൻ മരിച്ചുപോകും എന്ന റാഹേലിന്റെ ഹൃദയമുള്ള ദൈവദാസൻമാർ എഴുന്നേൽക്കുമോ? അറിവില്ലായ്മ പിശാച്, അനുസരണമില്ലാത്ത പിശാചിനെയും തുരത്തിയോടിക്കുന്ന വിശ്വാസ വീരൻമാർ എഴുന്നേൽക്കുമോ? ദൈവത്തിന്റെ സത്യം അവർക്ക് വെളിച്ചമായി കാണപ്പെടുന്നില്ലേ?**

യേശുക്രിസ്തു പറഞ്ഞു **എന്നിലും വലിയ കാര്യങ്ങൾ നിങ്ങൾ ചെയ്യും (യോഹ. 14:12) യേശു മരിച്ചവരെ എഴുന്നേൽപ്പിച്ചു. പിറവി കുരുടൻമാരെ, മുടന്തനെ, കുഷ്ഠരോഗിയെ, ചെകിടൻമാരെ സൗഖ്യമാക്കി. കടലിൻമേൽ നടന്നു. വെള്ളം വീഞ്ഞാക്കി. അഞ്ച് അപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചു. മീനിന്റെ വയറ്റിൽ നിന്നും വെള്ളിക്കാശെടുത്തു.** ഇതിലും വലിയ കാര്യങ്ങളെ രക്ഷിക്കപ്പെട്ട

ദൈവമക്കളായ നാം ചെയ്യും എന്ന് യേശു പറഞ്ഞിട്ടു പോയി. ഈ വാർത്ത വായിക്കുന്ന നിങ്ങൾ എത്രപേരെ ജീവനോടെ എഴുന്നേൽപ്പിച്ചിട്ടുണ്ട്? എത്ര കുരുടൻമാർക്ക് കാഴ്ച കൊടുത്തിട്ടുണ്ട്? വിരൽ വിട്ട് പറയാൻ കഴിയുമോ? എത്രയോ പേർക്കായി കണ്ണുനീരോടെ പ്രാർത്ഥിച്ചിട്ടുണ്ട്. തലയിൽ കൈവച്ച് പ്രാർത്ഥിച്ചിട്ടുണ്ട്, **മനസ്സലിഞ്ഞ്** ശക്തമായി പ്രാർത്ഥിച്ചിരിക്കുന്നു, എത്രയോ **രോഗങ്ങൾ** സൗഖ്യമായിട്ടുണ്ട് എന്ന് ദൈവദാസൻമാരായ നിങ്ങളിൽ ചിലർ പറയുന്നുണ്ടാകാം. പ്രാർത്ഥനയാൽ സൗഖ്യമാകുന്നത് അത്ഭുതമോ, അതിശയമോ, അടയാളമോ, ആശ്ചര്യമോ അല്ല നീ മനസലിഞ്ഞ് കണ്ണീരോടെ പ്രാർത്ഥിക്കുന്നതുകണ്ട് നിനക്കെതിരെയുള്ള രോഗിയും അതേ നിലയിൽ ഉള്ളത് ദൈവം കണ്ട് കാണിക്കുന്ന മനസ്സലിവാണ് അത്. ഇനിയും പറയുകയാണെങ്കിൽ അത് ഒരു ഭിക്ഷയാണ്. എന്റെ പ്രാർത്ഥനയാൽ രോഗിക്ക് കിട്ടിയ വിശ്വാസത്തിന്റെ അളവ് പ്രകാരം കിട്ടുന്നതാണ് അത്. യേശുക്രിസ്തു തന്റെ ശുശ്രൂഷയിൽ എപ്പോഴെങ്കിലും പ്രാർത്ഥിച്ച് അത്ഭുതം, അടയാളം ചെയ്തിട്ടുണ്ടോ? ചിന്തിപ്പിൻ യേശു പറഞ്ഞു **അങ്ങനെ സംഭവിച്ചു. കല്പിച്ചു അതുപോലെയായി. യേശു തൊട്ടു സൗഖ്യം പ്രാപിച്ചു. യേശു ചെയ്തതിലും വലിയ കാര്യങ്ങളെ അവനെപോലെ ചെയ്യാൻ വിശ്വസിച്ച് പ്രവർത്തിക്കൂ. ഇന്നത്തെക്കാലത്ത് പ്രാർത്ഥിച്ചു സൗഖ്യം പ്രാപിക്കുന്നത് രോഗശാന്തിവരം എന്നു പറഞ്ഞ് നടക്കുന്ന ശുശ്രൂഷകൻമാർ, വിശ്വാസികൾ ഉണ്ടല്ലോ.**

ഈ അന്ത്യകാലത്ത് **അറിവ് വർദ്ധിച്ചു** വരികയാണ് (ദാനി. 12:4) **വയറുവേദന, തലവേദന, ഗർഭപാത്രത്തിൽ മുഴ, ഹാർട്ട് അറ്റാക്ക്, ഹാർട്ട്, കിഡ്നി മാറ്റി വെക്കുന്നത്** പോലുള്ള വിഷയങ്ങളിൽ കിട്ടുന്ന രോഗസൗഖ്യങ്ങൾ എല്ലാം സർവ്വ സാധാരണമായി മാറികഴിഞ്ഞു. ഇങ്ങനെയുള്ള കാര്യങ്ങൾ നമ്മുടെ ശുശ്രൂഷയിൽ നടന്നാലും കൂടെ മെഡിക്കൽ സയൻസിന്റെ അറിവു വർദ്ധനവിൽ ഇവയെല്ലാം ജനങ്ങൾ കണ്ണുകൊണ്ട് കാണുന്നതുകൊണ്ട് ഉയർത്തെഴുന്നേറ്റ യേശുവിനെ അധികം ജനങ്ങൾ വിശ്വസിക്കുന്നില്ല. **പ്രകൃതി സിദ്ധാന്തങ്ങൾക്കും മേലായ**

കാര്യങ്ങൾ നടക്കുമ്പോഴാണ് ഇപ്പോഴുള്ള **ലോകം യേശുവിനെ വിശ്വസിക്കാൻ** സാധ്യതയുള്ളത് ഇതിനെയാണ് **അതിശയങ്ങൾ, അത്ഭുതങ്ങൾ, ആശ്ചര്യങ്ങൾ** എന്നു പറയുന്നത്. മെഡിക്കൽ രീതിയിൽ സുഖമാക്കാൻ കഴിയാത്ത **ക്യാൻസർ, ഹാർട്ട് അറ്റാക്ക്, എയ്ഡ്സ്, മൂർദ്ധന്യായവസ്ഥയിലെത്തിയ പ്രമേഹം,** ദിവസം തോറും ഉണ്ടാകുന്ന **പുതിയ രോഗങ്ങൾ**, മരുന്നു കണ്ടു പിടിയ്ക്കാത്ത രോഗങ്ങൾ, **മരണം**, പിശാചിന്റെ പിടിയിൽ അകപ്പെടൽ (ആത്മാവിലും, പ്രാണനിലും) പോലുള്ളവയിൽ നിന്ന് കിട്ടുന്ന **വിടുതൽ ലോകം കാണുമ്പോഴാണ്** ആശ്ചര്യപ്പെട്ട് യേശുവെ ഏറ്റുകൊള്ളുന്നത്. അതല്ലാതെ **മരുന്നു മൂലമായി സുഖമാക്കാൻ** കഴിയുന്ന രോഗങ്ങളിൽ നിന്നുള്ള വിടുതലിനെ **ഏഴകളായ ജനങ്ങൾ** വേണമെങ്കിൽ വിശ്വസിക്കു മായിരിക്കും. ഇതുംകൂടെ നിരന്തരമല്ല.

ലോകത്തിലുൾപ്പെടുന്ന കാര്യങ്ങൾ നടക്കാനാണ് വരങ്ങൾ പ്രയോജനപ്പെടുന്നത് (1കൊരി. 12:8–10). ഈ വരങ്ങൾ പരിശുദ്ധാത്മാവ് തന്റെ ഇഷ്ടപ്രകാരം വീതിച്ചു കൊടുക്കുന്നു (1 കൊരി. 12:11) ഇത് നമ്മുടെ വിശ്വാസത്താലും വിശുദ്ധിയാലും കിട്ടുന്നതല്ല. നമുക്ക് ആഗ്രഹമുണ്ടെങ്കിലും **ദൈവഹിതമാണെങ്കിൽ** ഇത് നടക്കും അതല്ലാതെ **അത്ഭുതങ്ങളും, അടയാളങ്ങളും, അതിശയങ്ങളും, ആശ്ചര്യങ്ങളും** നടക്കണമെങ്കിൽ അതായത് **ലോകജ്ഞാനത്തിനും** മേലായ കാര്യങ്ങൾ നടക്കണമെങ്കിൽ **വരങ്ങൾ** പോര. **യേശുക്രിസ്തുവാൽ** പരിശുദ്ധാത്മാവിനെകൊണ്ട് നല്കപ്പെടുന്ന അടയാളങ്ങൾക്കും, വരങ്ങൾക്കും മേലേ പറഞ്ഞിട്ടുള്ള അനുഭവമാണിത്. ഇതു തന്നെയാണ് **ആദി അപ്പോസ്തലൻമാർ പ്രാപിച്ചതെന്ന്** പത്രോസ് (അപ്പോ. 2:16) ൽ പറയുന്നു. ഈ **അനുഭവം നമുക്കുണ്ട് എന്നാണ്** പത്രോസ് പറയുന്നത് (പത്രോ. 2:39).

രക്ഷിയ്ക്കപ്പെട്ടതിന് ശേഷം സാക്ഷ്യഅനുഭവത്തോട് പ്രാപിക്കുന്ന **പരിശുദ്ധാത്മാവിന്റെ നിറവിലുള്ള** ശക്തിയാണ് പ്രകൃതിയ്ക്ക് അതീതമായ കാര്യങ്ങളെ ചെയ്യിക്കുന്നത്.

ഈ അഭിഷേകത്തെ പ്രാപിച്ചു കഴിഞ്ഞാൽ ആദി അപ്പോസ്തലൻമാരെ പോലെ 2020–ാം വർഷത്തിലെ ലോകത്തെ നമ്മെക്കൊണ്ട് കലക്കാൻ കഴിയും. അധികം ആത്മാക്കളെ നേടാൻ കഴിയും. പിശാചിന്റെ കോട്ടകളെ തകർക്കാൻ കഴിയും. യേശുവിന്റെ രണ്ടാം വരവ് വേഗത്തിൽ നടക്കും. ഈ അഭിഷേകം പരിശുദ്ധാത്മാവിന്റെ ഹിതപ്രകാരം ആഗ്രഹമുള്ളവർക്ക് പ്രാപിക്കാൻ കഴിയും. വരങ്ങളെ പ്രാപിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിലും ഈ അന്ത്യകാലത്തിന്റെ ആത്മീയ ആവശ്യത്തെ ഉണർന്ന് പ്രാർത്ഥിക്കുന്നവരുടെ അനുഭവം പരിശുദ്ധാത്മാവ് **നമ്മോട്, നമ്മുടെ ഉള്ളിൽ, നമ്മുടെ മേൽ** എന്ന **മൂന്നുവിധ അനുഭവമാകും.** ഈ അനുഭവം പഴയനിയമത്തിൽ **മറിയ, ദാവീദു, ശിമയോൻ, എഴുപത് യിസ്രയേൽ മൂപ്പൻമാർ** (ലൂക്ക. 1:35, 2:25, സംഖ്യ 11:25) പോലുള്ള പലർക്കും അന്നത്തെ ആവശ്യപ്രകാരം ഉണ്ടായിരുന്നു. എന്നാൽ അത് **നമുക്കോ നിരന്തരമായിരിക്കും.**

ഇതിന് ദൈവത്തിൽ നിന്ന് വിശേഷമായ ശക്തി, തേജസ്, മഹത്വം, പുകഴ്ച, ജ്ഞാനം, അധികാരം പോലുള്ള എല്ലാം ആവശ്യമാണ് (മത്താ. 17:21) ഈ അഭിഷേകം പ്രാപിക്കാൻ **രക്ഷിക്കപ്പെട്ടാൽ** മാത്രം പോരാ **പരിശുദ്ധമായ സാക്ഷ്യമുള്ള** ജീവിതം **ആത്മാവിന്റെ ഫലം** വചനത്തെക്കുറിച്ചുള്ള അറിവ്, ദൈവീക ജ്ഞാനം, ദൈവപ്രസാദം, വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ പോലുള്ള കാര്യങ്ങൾ ആവശ്യമാണ്.

ഇവയെല്ലാം ഒന്നും കുറയാതെ **യേശുവിലുണ്ടായിരുന്നു. ആദി അപ്പോസ്തലൻമാരിലും** ഉണ്ടായിരുന്നു. അതുകൊണ്ടാണ് **അഭിഷേകത്തിൽ** നിറഞ്ഞവരായി **അതിശയങ്ങളും അടയാളങ്ങളും** ചെയ്തത്. **നിഴൽപെട്ടാൽ സുഖം, വസ്ത്രം തൊട്ടാൽ സുഖം മരിച്ചവരുടെ ഉയർത്തെഴുന്നേൽപ്പ്, സർപ്പം കടിച്ചിട്ടും ഹാനി വന്നില്ല** എല്ലാ അത്ഭുതങ്ങളും നടന്നു.

ഇന്ന് പല സ്ഥലങ്ങളിൽ **സ്റ്റാർ പ്രാസംഗികന്മാർ** ലക്ഷക്കണക്കിന് പണം ചിലവഴിച്ച് **അഗ്നി മഹോത്സവം, അഗ്നി ക്യാമ്പ്** എന്ന് പല യോഗങ്ങൾ നടത്തി എന്തു ഫലംമാണ് കിട്ടിയത്? **നടത്തുന്നവർക്ക് പേരും, പുകഴ്ച്ച**

**യും ശുശ്രൂഷകരുടെ ഇടയിലും, വിശ്വാസികളുടെ ഇടയിലും നല്ല പേര് ലഭിക്കും** അത്രമാത്രം. അതല്ലാതെ **അഗ്നിജ്ഞാന സ്നാനം** പരിശുദ്ധാത്മാവിന്റെ നിറവിനെക്കുറിച്ചുള്ള **വചന അറിവ്** അവർക്ക് ഇല്ലാത്തതുകൊണ്ട് എങ്ങനെയാ **ആടിപാടി അന്യഭാഷ സംസാരിച്ച് സമയത്തേയും പണത്തേയും ശരീരശക്തിയേയും വ്യർത്ഥമാക്കുകയാണ്. വചനത്തിന്റെ അറിവ് പ്രാപിക്കാൻ പരിശുദ്ധാത്മാവിന് ഇടംകൊടുക്കണം.** പരിശുദ്ധാത്മാവ്മൂലമായി അതിശയങ്ങളും അത്ഭുതങ്ങളും നടക്കാൻ വാഞ്ചയുള്ളവരായിരിക്കണം. വെറുതെ **നിറയ്ക്കണമേ, നിറയ്ക്കണമേ ആരാധന, ആരാധന** എന്ന് പാടി പാടി **വ്യർത്ഥമായി നിന്റെ സമയങ്ങളെ** നഷ്ടപ്പെടത്തരുത്, ഇത് അന്ത്യകാലം!

**ചോദ്യം** **ദൈവദൂതന്മാർ** പെണ്ണുങ്ങളോട് സംയോഗം ചെയ്തതും; അതുമൂലമായി മക്കൾ ഉണ്ടായി (ഉല്പ 6:12). **ഇങ്ങനെ ജനിച്ചവരാണോ മല്ലന്മാർ.** അങ്ങനെയാണെങ്കിൽ **സാത്താനാൽ** ഹവ്വയ്ക്ക് പിറന്നതാണോ **കായീൻ?** (1 യോഹ 3:12) വിലക്കപ്പെട്ട പഴം കഴിച്ചതിനാലാണോ ഇങ്ങനെ സംഭവിച്ചത് ?

**ഉത്തരം** ഉല്പ 6:1, 2–ൽ **ദൈവദൂതന്മാർ** എന്നേ ഇല്ല. ദൈവ പുത്രന്മാർ (***Songs of God***) എന്നാണുള്ളത്. **ദൈവപുത്രന്മാർ** എന്നാൽ നമ്മെപോലെ ദൈവത്തെ **സ്വീകരിച്ചുകൊണ്ട്** രക്ഷിക്കപ്പെട്ട **വിശ്വാസികൾ** എന്നർത്ഥം (1 യോഹ 1:12) (റോമ 8:14) ഇവർ ലോകപ്രകാരമായ മനുഷ്യ സ്ത്രീകളോട് വിവാഹം ചെയ്ത് മക്കളെ പ്രസവിച്ചു എന്നാണ് പറഞ്ഞിരിക്കുന്നത്. ഇങ്ങനെയുള്ളവരോട് ഇണയില്ലാ പിണ കൂടരുത്, അത് ദൈവത്തിന് ഇഷ്ടമില്ലാത്ത കാര്യമാണ്. (2 കൊരി 6:14–18)

എന്നാൽ **ദൈവദൂതന്മാർ** എന്നവർ **ആണുമല്ല, പെണ്ണുമല്ല,** അവർ വാങ്ങുകയോ, കൊടുക്കുകയോ ഒന്നും ചെയ്യില്ല. **സന്തതിവർദ്ധനവിന്** അവർക്ക് അധികാരമില്ല. **അവർ ആത്മാവായിരിക്കുന്നു.** (മത്താ. 2:30) (ഉല്പ 1:28) ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട **ആദാമും ഹവ്വയും** (ഉല്

പ 1:26) വർദ്ധിച്ചുപെരുകണമെങ്കിൽ. ജിൻ അവർക്ക് **ശരീരം ആവശ്യമാണ്** എന്നതുകൊണ്ടാണ് **ദൈവം അവർക്ക് ശരീരം കൊടുത്തത്.** ശരീരമില്ലാത്ത ***Embodied Spirit*** എങ്ങനെ **ശരീരത്തോട് ബന്ധപ്പെടും?** ചിന്തിക്കൂ അങ്ങനെയാണെങ്കിൽ **മക്കളില്ലാത്ത സ്ത്രീകൾകൂടി** ഇങ്ങനെയുള്ള ദൈവദൂതന്മാരോട് ബന്ധപ്പെട്ട് മക്കളെ പ്രാപിച്ചുകൂടെ!

അതോടുകൂടെ ഉല്പ 6:4 വായിച്ചുനോക്കിയാൽ **മല്ലന്മാർ** ദൈവദൂതന്മാർക്കും **സ്ത്രീകൾക്കും ജനിച്ചവരല്ല** എന്നും **അന്യബന്ധത്തിൽ ജനിച്ച മക്കളും മല്ലന്മാരെപ്പോലെ** വീരന്മാരായിരുന്നു എന്നും പറയപ്പെടുന്നു. മെഡിക്കൽ സയൻസ് പ്രകാരം **ആൺ=പെൺ ജീൻ പാരമ്പര്യം,** ഇവയ്ക്കനുസരിച്ച് ആണിനും പെണ്ണിനും ജനിച്ച **അജാനുബാഹുക്കളാണ്.** രാക്ഷസന്മാർ (മല്ലന്മാർ) **ഗോലിയാത്തും** ഒരു മല്ലനാണ്.

അതുകൊണ്ട് **ആത്മാവായിരിക്കുന്ന** സാത്താന് മഹത്വമായ **ശരീരത്തിലുള്ള ഹവ്വയോട്** സംയോഗ ബന്ധത്തിൽ ഏർപ്പെടാൻ കഴിയുകയില്ല എന്ന് നമുക്ക് മനസ്സിലാക്കാം. ഇങ്ങനെ ഗർഭമായി ജനിച്ചവൻ കായീൻ എന്നും വിലക്കപ്പെട്ട ഫലം കഴിച്ചതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്ന് പറയുന്നവരെ വിശ്വസിക്കരുത്. ഉല്പ 4:1 വായിക്കുമ്പോൾ **ആദാമിനും, ഹവ്വയ്ക്കും** ജനിച്ചവനാണ് **കായീൻ**. പിശാചാൽ ഉണ്ടായതല്ല എന്നു അറിയാൻ കഴിയും. 1 യോഹ 3:12 വച്ച് കായീൻ പിശാചിനാൽ ഉണ്ടായതാണെന്ന് പറഞ്ഞാൽ (യോഹ 8:44) യേശു **യഹൂദന്മാരെ** നോക്കി നിങ്ങൾ നിങ്ങളുടെ **പിതാവായ പിശാചിനാൽ ഉണ്ടായവർ** എന്നു പറയുന്നതുകൊണ്ട് **ആ യഹൂദന്മാർ എല്ലാവരും മനുഷ്യൻ**മാരായ പിതാക്കന്മാർക്ക് പിറക്കാതെ **പിശാചിന് ജനിച്ചവരാണോ?** എന്ന് ചിന്തിച്ചു നോക്കൂ. ദൈവ വചനത്തിന് ചെവിക്കൊടുക്കാത്ത എല്ലാവരും വീണ്ടും പിറക്കാത്തവർ അല്ലെങ്കിൽ രക്ഷിക്കപ്പെടാത്തവരും പരിശുദ്ധാത്മാവിനാൽ ജനിക്കാതെ പിശാചിനാൽ ജനിച്ചവരാകുന്നു എന്നാണ് അർത്ഥം (യോഹ 3:3,5) ഇത് മാനുഷിക ജനനമല്ല. ആത്മീയമായ ജനനം ഇങ്ങനെ ജനിച്ചവനാണ് കായീൻ എന്ന് 1 യോഹ 3:12–ൽ പറയുന്നു.

**ചോദ്യം** മത്താ 3:16 **സ്വർഗ്ഗം തുറന്നു** എന്നതിന്റെ അർത്ഥം എന്ത് ?

**ഉത്തരം** ഇംഗ്ലീഷിൽ **സ്വർഗ്ഗങ്ങൾ** എന്നാണ് ഉള്ളത്. സ്വർഗ്ഗം തുറന്നു ദൈവാത്മാവ് പ്രാവെന്ന പോലെ ഇറങ്ങി തന്റെ മേൽ വരുന്നത് യോഹന്നാൻ കണ്ടു. **യോഹന്നാൻ സ്നാപകൻ ആ പ്രാവ് യേശുവിൻമേൽ വന്നിറങ്ങുന്നതു കണ്ടു. യഹസ്ക്കേൽ യോഹന്നാൻ, സ്തേഫാനോസ് തുടങ്ങിയവർക്ക് ദർശനത്തിലാണ് സ്വർഗ്ഗം തുറന്നുകണ്ടത്.** (യഹസ്ക്കേൻ 1:1, വെളി 4:1, അപ്പോ. 7:55, 56 ) എന്നാൽ യേശുവോ നേരിട്ട് കണ്ടു.

**ചോദ്യം? പരീശൻമാർ, സദൂക്യർ, ചുങ്കക്കാർ, കപടഭക്തിക്കാർ** ഇവരെല്ലാം ആരാണ്?

1) പരീശൻമാരും, സദൂക്യരും വേദ പണ്ഡിതന്മാർ.
2) **ഉയർത്തേഴുന്നേൽപ്പും ദൈവദൂതന്മാരും** എന്നുപറയുന്നവരാണ് **സദൂക്യർ**
3) ജനങ്ങളിൽ നിന്ന് പണംപിടിച്ച് പറിച്ച് റോമ ഗവൺമെന്റിനു കൊടുക്കുന്നവരാണ് **ചുങ്കക്കാർ**.
4) ഭക്തിയുള്ളവരെപ്പോലെ അഭിനയിച്ച് വചനത്തിന് വിരോധമായി നടക്കുന്നവരാണ് **കപടഭക്തിക്കാർ**.

**ചോദ്യം** മത്താ: 7:13 **ഇടുക്കുവാതിൽ** :- വിവരിക്കുക?

**ഉത്തരം** മത്താ: 7;12 വാക്യത്തിൻ പ്രകാരം നടക്കാൻ മനസ്സില്ലാത്തവർക്ക് ജീവനിലേയ്ക്ക് പോകുന്ന വാതിൽ ഇടുക്കമായും ഞെരുക്കമായും കഷ്ടമുള്ളതുമായിരിക്കും. അതേസമയം യേശുവിന്റെ വാക്കുകൾ അനുസരിക്കുന്നവർക്ക് ഈ ഇടുക്കമായ വഴി **സന്തോഷമുള്ളതും സമാധാനമുള്ളതുമായിരിക്കും**.. ലോകത്തിലുള്ള വർക്ക് നാശത്തിലേയ്ക്ക് പോകുന്ന വഴി **വിശാലവും, വാതിൽ വീതിയുള്ളതുമായിരിക്കും. അന്ത്യം മരണം.**

**ചോദ്യം** ലേവ്യ. 13:46 കുഷ്ഠരോഗി പാളയത്തിന് പുറത്ത് താമസിക്കണം എന്നാൽ 2 രാജ 5–ൽ **നയമാൻ** നഗരത്തിൽ വസിച്ചതെന്തുകൊണ്ടാണ് ?

**ഉത്തരം** ലേവ്യ. 3:16) **ന്യായപ്രമാണചട്ടം (നിയമം) യിശ്രയേലിനു മാത്രമാണ് അരാം ദേശത്തിന്** ആ പ്രമാണം ഇല്ല. **നയമാൻ** അരാം **ദേശത്തിന്റെ** സേനാപതിയാണ്.

**ചോദ്യം** (ഉല്പ. 8:21)–ൽ ഇനി **ജലപ്രളയത്താൽ** ഭൂമിയെ നശിപ്പിക്കില്ല എന്ന് ദൈവം പറഞ്ഞു. മത്താ: 24:37 ൽ അങ്ങനെതന്നെ **മനുഷ്യപുത്രൻ വരുംകാലത്തിലും** നടക്കും എന്ന് എഴുതിയിരിക്കുന്നല്ലോ? ഇത് വിരോധാഭാസമല്ലേ ?

**ഉത്തരം** മത്താ: 24;37 **വെള്ളത്താൽ** ലോകത്തെ നശിപ്പിക്കും എന്ന് പറഞ്ഞിട്ടില്ല മത്താ: 24:38 39 വായിച്ചുനോക്കുവിൻ. **നോഹയുടെ കാലത്ത്** ജനങ്ങൾ തിന്നും കുടിച്ചും വിവാഹത്തിന് കൊടുത്തും, എടുത്തും പാപബോധമില്ലാതെ ജീവിച്ചിരുന്നതുപോലെ മനുഷ്യപുത്രന്റെ വരവിങ്കലും ജനങ്ങൾ **ചിട്ടയില്ലാതെ** ജീവിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. അതേസമയത്ത് ഈ ഭൂമി **തീ കൊണ്ട് നശിക്കുകയല്ലാതെ** ജലം കൊണ്ടല്ല. (2 പത്രോ: 3:7)

**ചോദ്യം** ഉല്പ: 11: 39 പ്രകാരം സാറ തേരാഹിന്റെ മരുമകൾ ഉല്പത്തി 26:12 ൻ പ്രകാരം **അബ്രഹാമിന്റെ പിതാവ് തേരാഹിന് ജനിച്ചവളാണ് സാറ. അങ്ങനെയെങ്കിൽ സാറയുടെ അമ്മ ആരാണ് ? അബ്രഹാമിന്റെ അമ്മ ആരാണ് ?**

**ഉത്തരം** തേരഹിന്റെ **ഒരു ഭാര്യയ്ക്ക്** അബ്രഹാമും **വേറൊരു ഭാര്യയ്ക്ക്** സാറയും ജനിച്ചിരുന്നു. ഭാര്യമാരടെ പേര് ബൈബിളിൽ എഴുതിയിട്ടില്ല.

**ചോദ്യം** (ഉല്പ; 21: 16, 18) ഹാഗാറിന്റെ മകൻ പരിഛേദന ചെയ്യപ്പെട്ടപ്പോൾ വയസ് 13. എന്നാൽഅന്ന് ആ സംഭവം നടക്കുമ്പോൾ വയസ് 18 ആയിരിക്കെ അവനെ ബാലൻ എന്ന് എങ്ങനെ പറയാൻ കഴിയും?

**ഉത്തരം** ഉല്പ: 21: 16–18–ൽ അപ്പോൾ യിശ്മയേലിന്റെ വയസ് 18 അല്ലെങ്കിൽ 19 ഉണ്ടായിരിക്കും. അബ്രഹാമിന്റെ 86–ാം വയസ്സിൽ യിസ്മയേൽ ജനിച്ചു. ഉല്പ: 16:16–ൽ പ്രകാരം **യിസഹാക്ക് പിറന്നത് അബ്രഹാമിന്റെ 100–ാം വയസ്സിൽ** അതിന് ശേഷം **യിസഹാക്ക്** പാൽ കുടിക്കുന്നത് മറന്നതിനു ശേഷമാണ് **യിസ്മയേലും ഹാഗാറും ഓടിപ്പോയത്.** ഉല്പ; 2;8–10–വരെ. അതുകൊണ്ട് അപ്പോൾ 18 അല്ലെങ്കിൽ 19 വയസ്സ് ഉണ്ടായിരിക്കും. **യിസ്രായേൽ നാട്ടിൽ20 വയസ്സിനുള്ളിലുള്ള വരെല്ലാവരും കുട്ടികൾ, ബാലന്മാർ, എന്നാണ് പറയപ്പെട്ടിരുന്നത്.** (പുറ:30:14, സംഖ്യ 1:45, 14;29, 30;12)

**ചോദ്യം** ദാവീദ് യിശായിയ്ക്ക് എത്രാമത്തെ മകനാണ് ?

**ഉത്തരം** 1 ശാമു 16: 10–ൻ പ്രകാരം **ദാവീദ് 8–ാമത് മകൻ ആകുന്നു.** ദിനവൃത്താന്തത്തിൽ ഇതേപ്പറ്റി എഴുതുമ്പോൾ **പുത്രഭാഗ്യം ഇല്ലാത്തവരെയെല്ലാം കണക്കിൽ എടുക്കാറില്ല. യ്ശായിയുടെ 7–ാമത്തെ മകന് പുത്ര ഭാഗ്യം ഇല്ലാത്തതുകൊണ്ട് അവനെ ഒഴിവാക്കി ദാവീദ് 7–ാമത്** മകൻ എന്ന് 1 ദിന 2:15 എഴുതിയിട്ടുണ്ട്.

**ചോദ്യം** **ദൈവം എന്തിനാണ് വെങ്കല സർപ്പത്തെ നോക്കാൻ പറഞ്ഞത്?**

**ഉത്തരം** വേദപുസ്തകത്തിൽ **പൊന്ന് ദൈവീകത്തേയും വെങ്കലം സാത്താനിസത്തെയും** കുറിക്കുന്നു. സർപ്പം കടിച്ച് മരിച്ചവർ **വെങ്കലത്തിൽ ചെയ്യപ്പെട്ട** സർപ്പത്തെ നോക്കി ജീവരക്ഷ പ്രാപിക്കാൻ ദൈവം ഏർപ്പാടു ചെയ്തു. ഇത് യേശുവിന്റെ നിഴലായി കുറിക്കുന്നു. യോഹ. 3:14,15 വായിച്ചുനോക്കൂ. **നമ്മുടെ പാപം നിമിത്തം യേശു വെങ്കല സർപ്പമായി ക്രൂശിൽ ഉയർത്തപ്പെട്ടു.** ഇതിന്റെ നിഴലാണ് അത്.

**ചോദ്യം** 1 ശാമു: 28: 13,14 **ദേവന്മാർ** ഭൂമിയിൽ നിന്നും കയറിവരുന്നതു കാണുന്നു എന്നു പറഞ്ഞാൽ എന്താണർത്ഥം ?

**ഉത്തരം** ഭൂമിയുടെ ഉള്ളിലുള്ള **പാതാളം, പറുദീസയിൽ നിന്നും വെളിച്ചപ്പാടത്തി** തന്റെ കൈവശമുള്ള ദുഷ്ട ആത്മാവിനെ കൊണ്ട്

ശമുവേലിനെ എഴുന്നേൽപ്പിച്ചതായി കാണിച്ചത്. അവിടിരുന്നവർ കയറിവരുന്നത് കണ്ടതായി പറഞ്ഞിരിക്കുന്നു. **എഴുന്നേൽപ്പിക്കേണ്ടത് ശമുവേലിനെ മാത്രമാണ്.** എന്നാൽ ഇവിടെ **ദേവന്മാർ എന്ന പേരിൽ പലരും എഴുന്നേറ്റുവരുന്നുണ്ട്** എന്നു പറയുന്നത് **ആദ്യംതന്നെ നുണയാണ്. മരിച്ചുപോയ ആരേയും എഴുന്നേൽപ്പിക്കാൻ വെളിച്ചപ്പാടത്തിയ്ക്ക് മാത്രമല്ല ഒരുത്തനും അധികാരമില്ല.** ഇങ്ങനെ എഴുന്നേറ്റുവരുന്നതായി **തന്റെ കൈവശമുളള ദുഷ്ടാത്മാവിനെവച്ച് കാപട്യം ചെയ്കയാണവൾ.** ഈ വെളിച്ചപാടത്തി കണ്ടതായി പറയുന്ന ആത്മാവിനെ ശൗൽ കൂടി കണ്ടില്ല.


**ചോദ്യം** **ദൈവത്തിന്റെ പ്രധാന ദൂതൻ കെരൂബ്** തള്ളപ്പെട്ടതിന് ശേഷം അവർക്ക് പിന്നീട് വന്ന പ്രധാന ദൂതൻ ആരാണ്?

**ഉത്തരം** തള്ളപ്പെട്ടവന്റെ പേര് **കെറൂബ് അഥവാ ലൂസിഫർ** യെശയ്യ:14:2 (***in english***) ഇവൻ **പ്രധാന ദൂതൻ അല്ല.** ഇന്നത്തെപ്രധാന ദൂതൻ മിഖായേൽ ആകുന്നു. (ദാനി. 12:1)

**ചോദ്യം** സ്വർഗ്ഗത്തിന്റെ ഭരണകൂടം എങ്ങനെ ക്രമീകരിച്ചിരിക്കുന്നു? കെറൂബ് സെറാഫ് പ്രധാന ദൂതന്മാർ 24 മൂപ്പന്മാർ, ഇവരുടെ നില എങ്ങനെയുളളതാണ്? യോഹന്നാൻ കണ്ട ദർശനത്തെ്പ്പറ്റിയും പറയൂ?

**ഉത്തരം** 24 മൂപ്പന്മാർ എന്നത് **രഹസ്യ വരവിൽ നമ്മോടുകൂടെ** എടുക്കപ്പെടുന്നവനാണ്. ഇപ്പോൾ അവർ സ്വർഗ്ഗത്തിൽ ഇല്ല. **സറാഫ് കെരൂബ്** എല്ലാം ദൈവത്തിന്റെ സിംഹാസത്തിന് മുമ്പിൽ സംരക്ഷണം ചെയ്യുന്ന ദൂതന്മാരായി പ്രവർത്തിക്കുന്നു. അതേസമയം **ഗബ്രിയേൽ മിഖായേൽ** പോലുളള ദൈവദൂതന്മാർ എല്ലാവരും ദൈവം കല്പിക്കുന്ന ജോലികളെചെയ്യുന്നവരാണ്. വെളി: 4, 5 അദ്ധ്യായങ്ങളിൽ ഇതേക്കുറിച്ച് വായിക്കാൻ കഴിയും. മൊത്തത്തിൽ **നാം സ്വർഗ്ഗത്തിൽ** പോയാൽ മാത്രമേ ഇത് നേരിട്ടുകാണുവാൻ കഴിയൂ. യോഹന്നാൻ കണ്ടത് **രഹസ്യ വരവിന്** ശേഷം സ്വർഗ്ഗത്തിൽ നടക്കാൻ പോകുന്ന ദർശനം മാത്രമാണ്.

# ഡോക്ടർമാരുടെ അടയാളം



## അഥവാ



# മെഡിക്കൽ ചിഹ്നം

***കുറിപ്പ് :*** സാധാരണയായി ഡോക്ടർമാരുടെ കാറുകളിൽ മുകളിലെ ഫോട്ടോയിൽ കാണിച്ചിരിക്കുന്നതുപോലെ ചുവപ്പു നിറത്തിൽ കൂട്ടൽ ചിഹ്നം (+) വരച്ചിരിക്കും. യഥാർത്ഥത്തിൽ ഇത് ഡോക്ടർമാരുടേയോ അല്ലെങ്കിൽ മെഡിയ്ക്കൽ ചിഹ്നമോ അല്ല. ഈ ചുവന്ന കുരിശ് (റെഡ്ക്രോസ്) സൊസൈറ്റിയുടെ ചിഹ്നമാണ്. ലോകയുദ്ധങ്ങൾ മറ്റുരാജ്യങ്ങളിൽ നടക്കുമ്പോൾ അതായത് യുദ്ധസമയത്ത് (+) ഈ ചിഹ്നമണിഞ്ഞ യൂണിഫോം ധരിച്ചുകൊണ്ട് അല്ലെങ്കിൽ ഈ ചിഹ്നത്തെ ചുവപ്പു നിറത്തിൽ വരച്ച് വാഹനങ്ങളിൽ ചെല്ലുമ്പോൾ ഇവരെ ഒരു പട്ടാളവും വെടിവച്ച് കൊല്ലാൻ പാടില്ല. കാരണം ഈ അടയാളം ഇട്ട റെഡ്ക്രോസ് സൊസൈറ്റിക്കാർ എല്ലാ നാട്ടിലുമുള്ള പട്ടാളക്കാർക്കും മുറിവേറ്റവർക്കും പ്രഥമ ശുശ്രൂഷ ചെയ്യുന്നവരാണ്. അതുകൊണ്ട് അവരെ ആരും ഉപദ്രവിയ്ക്കാൻ പാടില്ല എന്നത് ലോകരാഷ്ട്രങ്ങൾ തമ്മിൽ തമ്മിൽ ചെയ്ത ഉടമ്പടിയാണ്.

എന്നാൽ **ഡോക്ടർമാർ** എന്നതിനും **ഹോസ്പിറ്റൽ** എന്നതിനും ലോകരാഷ്ട്രങ്ങൾ തിരഞ്ഞെടുത്ത ചിഹ്നം **ഒരു ജോടി ചിറകുകൾ ഉള്ള ഇരു പാമ്പുകൾ** ആണ്. ഇതിനെക്കുറിച്ച് എഫ്.എം.പി.ബി. മാസികയിൽ പുറത്തുവിട്ട വാർത്തയുടെ പ്രബന്ധത്തിന്റെ മുഖവുരയായി അവർ എഴുതിപ്രകാരം വായനക്കാർക്ക് വേണ്ടി ഞാൻ സമർപ്പിക്കുന്നു.

## മെഡിക്കൽ ചിഹ്നം

മെഡിക്കൽ ചിഹ്നത്തിൽ **രണ്ടു പാമ്പിന്റെ രൂപങ്ങളും** ഒരു ജോടി ചിറകുകളും ഉള്ളത് നമുക്ക് കാണാം. ഈ മെഡിക്കൽ ചിഹ്നം വേദത്തിന്റെ അടിസ്ഥാനത്തിലുള്ളതായി അനേകർ കരുതുന്നു. അതേസമയം ഈ മെഡിക്കൽ ചിഹ്നം ഗ്രീക്ക് പുരാണങ്ങളിൽ മെഡിക്കലിന്റെ പിതാവായി കരുതുന്ന ഹിപ്പോ

ക്രാറ്റിനോട് ബന്ധമുള്ളതായി പലരും കരുതുന്നു. എന്നാലും ഗ്രീക്ക് സംസ്ക്കാരത്തിൽ ഹിപ്പോ ക്രാറ്റിന്റെ കാലത്തിന് മുമ്പുതന്നെ ബൈബിളിന്റെ ഉപയോഗം ഉണ്ടായിരുന്നതുകൊണ്ട് ഈ മെഡിക്കൽ ചിഹ്നം ബൈബിളിൽ കാണുന്ന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടായത് എന്നതിന്റെ അധാരം ശക്തിപ്പെടുന്നു. പ്രത്യേകമായി യിസ്രായേൽ മക്കൾ കനാനിലേയ്ക്ക് പുറപ്പെട്ട മരുഭൂമിയാത്രയിൽ ശാഠ്യം പിടിച്ചവരായി ദൈവത്തെ വേദനപ്പെടുത്തിയപ്പോൾ ദൈവം കോപിച്ച് പാമ്പുകളെ യിസ്രായേൽ മക്കൾക്കിടയിലേയ്ക്ക് അയച്ച് അവരെ കടിപ്പിച്ച് അവർക്ക് ശിക്ഷ കൊടുത്തു.



പാമ്പുകടി കൊണ്ട് മരിച്ചവരുടെ കുടുംബങ്ങളിൽ വിലാപത്തിന്റെ ശബ്ദം ധ്വനിച്ചു. ആ ജനങ്ങൾ ഞങ്ങൾ ദൈവത്തിന് വിരോധമായി പാപം ചെയ്തു എന്നു ദൈവത്തിന്റെ ദാസൻമാരോടു ഏറ്റുപറഞ്ഞു. അപ്പോൾ ദൈവം മോശയോട് പറഞ്ഞത് എന്തെന്നാൽ നീയൊരു താമ്ര സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൻ മേൽ തൂക്കി പിന്നെ സർപ്പം ആരെയെങ്കിലും കടിച്ചിട്ട് അവൻ താമ്രസർപ്പത്തെ നോക്കിയാൽ ജീവിയ്ക്കും. (സംഖ്യ 21 : 8, 9).

താമ്രസമർപ്പത്തെ ഒരു കൊടിമരത്തിൻമേൽ തൂക്കി നിർത്തിയ സംഭവത്തെ യേശുക്രിസ്തു ഉദാഹരണമായി ചൂണ്ടി കാണിക്കുന്നു.

**പാമ്പിന്റെ വിഗ്രഹം** പാമ്പ് വിഷത്തെ നീക്കി കടിക്കപ്പെട്ടവരെ സുഖമാക്കുന്നതുപോലെ എന്ന് ചിലർ ചിന്തിക്കുന്നു. യിസ്രയേൽ ജനങ്ങൾ **മാനസാന്തരപ്പെട്ടതുകൊണ്ടും** താമ്രസർപ്പത്തെ നോക്കിയാൽ എങ്ങനെ സൗഖ്യം കിട്ടുമെന്ന് ചോദിയ്ക്കാതെ **പറഞ്ഞതുപോലെ അനുസരിച്ചതുകൊണ്ടാണ്** അവർക്ക് വിഷം ഇറങ്ങി സൗഖ്യം ലഭിച്ചത്. താമ്രസർപ്പത്തിന് ശക്തിയില്ല. ദൈവത്തിന്റെ വാക്ക് അനുസരിച്ചതു കൊണ്ടാണ് സൗഖ്യം ലഭിച്ചത്.

ചോദ്യം ചെയ്യാതെ അനുസരിക്കുന്നുണ്ടോ എന്നതിനെ ദൈവം ശ്രദ്ധിച്ചതുകൊണ്ടാണ് സൗഖ്യം കിട്ടിയത്. ആദാമും – ഹവ്വായും കൊല

ചെയ്തില്ല, വ്യഭിചാരം ചെയ്തില്ല പിന്നെ എന്തിനാണ് ദൈവം അവരെ ഏദൻ തോട്ടത്തിൽ നിന്നും പുറത്താക്കിയത്? **കാരണം തിന്നരുത്** എന്നു ദൈവം കല്പിച്ച **ഒരു വിലക്കപ്പെട്ട പഴത്തെ** തിന്നതുകൊണ്ടാണ് ഏദൻ തോട്ടത്തിൽ നിന്നും പുറത്താക്കിയത്.

അതുകൊണ്ടാണ് ബൈബിളിൽ **അനുസരിക്കുന്നത് യാഗത്തെക്കാൾ ഉത്തമം** എന്നു പറഞ്ഞിട്ടുള്ളത്. അനുസരണത്തെ ചൂണ്ടിക്കാണിയ്ക്കാൻ വേണ്ടി യേശു ഈ ഉദാഹരണത്തെ താൻ ക്രൂശിയ്ക്കപ്പെട്ട ക്രൂശിനോടു താരതമ്യപ്പെടുത്തി പറയുന്നു.

ഉദാ. ഇതാ ഞാൻ **കള്ളനെപോലെ വരുന്നു** എന്നു വെളിപാടുപുസ്തകം 16 : 15 –ൽ തന്റെ വരവിനെക്കുറിച്ച് പറയുമ്പോൾ പരിശുദ്ധാത്മാവ് എന്തുകൊണ്ടാണ് കള്ളനെ ഉദാഹരണമാക്കിയത്? കാരണം **കള്ളൻ അറിയിക്കാതെ ഏതു സമയത്ത് വേണമെങ്കിലും വരാം.** അതുകൊണ്ടാണ് ജനങ്ങൾക്ക് മനസ്സിലാകുന്നതിന് വേണ്ടി ലളിതമായ ഉദാഹരണമായി **കള്ളനെ** താരതമ്യപ്പെടുത്തി പരിശുദ്ധാത്മാവ് സംസാരിക്കുന്നത്.

ഇത് സംബന്ധമായി ക്രിസ്തു പറയുന്നതെന്തെന്നാൽ; മോശ മരുഭൂമിയിൽ **സർപ്പത്തെ** ഉയർത്തിയതുപോലെ **മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു.** അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ **നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്നെ** (യോഹ 3: 14,15).

അതെ, ദൈവവചനത്തിൻ പ്രകാരം കൊടിമരത്തിൽ തൂക്കപ്പെട്ട **പാമ്പിനെ** നോക്കി അന്ന് **യിസ്രയേൽ ജനങ്ങൾ സൗഖ്യം** പ്രാപിച്ചതുപോലെ **ക്രൂശിൽ യേശുവിന്റെ മരണത്തേയും ഉയർത്തെഴുന്നേല്പിനേയും വിശ്വസിച്ച് ക്രൂശിനെ നോക്കി ദൈവമക്കളായ നാം എല്ലാവരും നമ്മുടെ പാപത്തിൽ നിന്നും ശാരീരിക രോഗത്തിൽ നിന്നും സൗഖ്യം പ്രാപിയ്ക്കാൻ ഇപ്പോഴും കഴിയും. എന്നാൽ കൊടിമരത്തിലിരുന്ന പാമ്പിനെക്കൊണ്ടല്ല ദൈവവചനവും അതോടുകൂടെ ക്രിസ്തുവിന്റെ**

**മേലുള്ള വിശ്വാസവും അനുസരണവും നമ്മെ പൂർണ്ണമായി സൗഖ്യമാക്കാൻ കഴിയും.**

എങ്ങനെയും മെഡിക്കൽ ചിഹ്നത്തിന്റെ ആധാരത്തെക്കുറിച്ച് സംഖ്യ 21–ാം അദ്ധ്യായത്തിൽ ദൈവം **മോശയോട് പറഞ്ഞ** വാക്കുകളുടെ അടിസ്ഥാനത്തിലും പിന്നെ **യോഹന്നാൻ 3–ാം അദ്ധ്യായത്തിൽ** യേശു ഇതു സംബന്ധമായി പറഞ്ഞിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും നോക്കുമ്പോൾ **പാമ്പുകൾ ചുറ്റിയുള്ള ചിത്രം** മെഡിക്കൽ ചിഹ്നമായി വേദപുസ്തകത്തിന്റെ വെളിച്ചത്തിൽ ഉണ്ടാക്കിയിരിക്കാം എന്ന് നമുക്ക് ഉറപ്പാക്കാം.

## മലേഷ്യാ ദൈവവേലകൾ



മലേഷ്യയിൽ എന്റെ ആദ്യത്തെ യോഗം പിനാങ്ങിലുള്ള വിക്ടറി ലൂഥറൻ ചർച്ചിൽ വച്ച് നടന്നു. റവ. ആർ. മൈക്കിൾ Mr. Joseph J. George അവർകളുടെ ചുമതലയിൽ ഈ യോഗങ്ങൾ വളരെ അനുഗ്രഹപ്രദമായി നടന്നു കഴിഞ്ഞു. അച്ചന്റെ ഭാര്യ നല്ല പ്രാർത്ഥനാ ഭാരമുള്ള സ്ത്രീയാണ്. ആ കൊച്ചമ്മയുടെ പ്രാർത്ഥനയുടെ പിൻബലമാണ് ആ സഭ ആത്മീയതയിൽ വളരാൻ കാരണമായിരുന്നത്.

ഇവിടെ ഒരു പകൽ വേദപഠനത്തിന് വേണ്ടിയും ചോദ്യോത്തരത്തിന് വേണ്ടിയും ഏർപ്പാട് ചെയ്തിരുന്നു. ഒരു പകൽ യോഗത്തിൽ മാത്രം 6 മണിനേരം ഞാൻ പ്രസംഗിച്ചു. പ്രസംഗങ്ങളെല്ലാം വീഡിയോ എടുത്തിരുന്നു. വളരെ ദൂരത്തിലിരുന്നു കാറിലും വാനിലും പല സഭാവിശ്വാസികൾ യോഗങ്ങളിൽ പങ്കെടുത്തു.

എന്റെ ജാമക്കാരൻ വായനക്കാരായ കുടുംബങ്ങളെ നേരിട്ട് കണ്ട് ആളാംപ്രതിയായി പ്രാർത്ഥിക്കാനും, സംസാരിക്കാനും സാധിച്ചതിൽ എനിക്ക് മനതൃപ്തിയായി. ദൈവത്തിന് മഹത്വം ഉണ്ടാകട്ടെ.

# മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ

യേശുക്രിസ്തു നിക്കോദിമോസിനോട് സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ **യഹൂദമത** പ്രമാണിയായ അവന് യേശു ചില സ്വർഗ്ഗീയ കാര്യങ്ങളെ അറിയിച്ചു. അതിൽ മുഖ്യമായ ഒരു കാര്യം മറ്റുള്ളവരാൽ മനസിലാക്കാൻ കഴിയാതവണ്ണം കഠിനമായി വാക്കുകൊണ്ടുള്ളതാണ്. അതെന്തെന്നാൽ **പഴയനിയമകാലത്ത് നടന്ന ഒരു സംഭവത്തെ തന്റെ ക്രൂശുമരണത്തോടുകൂടെ ബന്ധപ്പെടുത്തി പറഞ്ഞ യേശു, സർപ്പം മോശയാൽ മരുഭൂമിയിൽ ഉയർത്തപ്പെട്ടതു പോലെ മനുഷ്യപുത്രനും തന്നിൽ വിശ്വസിക്കുന്നവൻ ഏവനോ അവൻ നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ഉയർത്തപ്പെടേണം എന്ന് അറിയിച്ചു.** യേശു പറഞ്ഞിട്ടുള്ള ഈ സംഭവം പഴയനിയമത്തിൽ സംഖ്യ 21-ൽ എഴുതിയിരിക്കുന്നു. ഇതിനെക്കുറിച്ച് മുമ്പ് നാം വായിച്ചിട്ടുണ്ട്. ഭൂരിപക്ഷം ക്രിസ്ത്യാനികൾ ഈ വചനത്തിൽ **യേശു തന്നെത്താൻ പാമ്പിനോട് തന്നെ താരതമ്യപ്പെടുത്തിയതായി കരുതുന്നു.** എന്നാലും ബൈബിളിൽ **സാത്താനെ സർപ്പത്തോട് താരതമ്യപ്പെടുത്തി യിരിക്കുന്നതുകൊണ്ട്** (ഉല്പ. 3, വെളി. 12 : 9) യേശുക്രിസ്തു തന്നെ **എപ്രകാരം സർപ്പത്തോട് താരതമ്യപ്പെടുത്തി സംസാരിയ്ക്കാൻ കഴിയും** എന്നുള്ളത് അനേകരുടെ ചോദ്യമാണ്.

**സർപ്പത്തിന്റെ സാദൃശ്യത്തിലുള്ള രൂപമാണ്** മോശ മൂലമായി ഉയർത്തപ്പെട്ടത്. അതുപോലെ ക്രൂശിൽ തന്നെ യാഗമായി അർപ്പിച്ച **യേശു, പാപിയായ മനുഷ്യരുടെ രൂപമായിരുന്നതല്ലാതെ** അവൻ പാപിയായതുകൊണ്ടല്ല എന്ന് ചിലർ വിവരിക്കുന്നു. എന്നാലും ഇത്രമാത്രം സർപ്പത്തിനെ യേശുവോട് സാമ്യപ്പെടുത്തി പറയുന്നത് മെച്ചമായി പറയുന്ന ഒരു വ്യാഖ്യാനമാണ്. എന്തുകൊണ്ടെന്നാൽ **യേശുവിന്റെ വാക്കുകളിൽ താരതമ്യം ചെയ്യപ്പെടുന്നത് ഉയർത്തപ്പെടേണ്ട കാര്യത്തിൽ മാത്രമാണ്.** യേശു തന്നെ **താമ്രസർപ്പത്തോട്** താരതമ്യം ചെയ്തിട്ടില്ല. **യേശു തന്നെ സർപ്പം പോലെ എന്നു പറഞ്ഞില്ല പകരം ഉയർത്തപ്പെട്ടതുപോലെ എന്നു ചൂണ്ടിക്കാണിക്കുന്നു.** മൂലഭാഷയിൽ താരതമ്യം ചെയ്യുക എന്ന വാക്കാണ്

**ഉയർത്തപ്പെടേണ്ട പ്രവർത്തിക്ക് ഉപയോഗിച്ചിരിക്കുന്ന തെന്ന്** നമുക്ക് മനസിലാക്കാൻ കഴിയും. സർപ്പം മോശമൂലം മരുഭൂമിയിൽ **ഉയർത്തപ്പെട്ടതുപോലെ** മനുഷ്യപുത്രനും **ഉയർത്തപ്പെടും** എന്നു യേശു പറഞ്ഞു.

ഉയർത്തപ്പെടുക എന്നതിന് യേശു ഉപയോഗിച്ച ഹിപ്പ്സോ എന്ന (***hypsoo***) ഗ്രീക്ക് പദം യോഹന്നാന്റെ സുവിശേഷത്തിൽ യേശു ക്രൂശിൽ ഉയർത്തപ്പെടുന്നതിനെ കാണിയ്ക്കാനാണ് ഉപയോഗപ്പെടുത്തി യിരിക്കുന്നത്. (യോഹ. 8 : 28, 12 : 32, 34). അപ്പസ്തോല പ്രവർത്തികളിൽ യേശുക്രിസ്തു സ്വർഗ്ഗത്തിലേയ്ക്ക് ഉയർത്തപ്പെടുന്നതിന് മൂലഭാഷയിൽ ഇതേ വാക്ക് ഉപയോഗിച്ചിരിക്കന്നതിനാൽ (അപ്പസ്തോലർ 2 : 33, 5 : 31) യോഹന്നാന്റെ സുവിശേഷത്തിൽ ഹിപ്പ്സോ എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ള സ്ഥലങ്ങളിൽ അത് യേശുവിന്റ ക്രൂശു മരണത്തെ ചൂണ്ടി കാണിക്കുന്നു എന്നു മനസ്സിലാക്കാം. പ്രത്യേകമായി യോഹ. 2:32 –ൽ പറഞ്ഞിട്ടുള്ളതുപോലെ **ഞാനോ ഭൂമിയിൽ നിന്നും ഉയർത്തപ്പെട്ടാൽ എല്ലാവരേയും എങ്കലേയ്ക്ക് ആകർഷിക്കും** എന്ന യേശുവിന്റെ വാക്കാണ്. അതിന്റെ അടുത്തുള്ള വചനത്തിൽ താൻ ഇന്നവിധമായി മരിക്കാൻ പോകുന്നു എന്നു കുറിക്കാനായി ഇങ്ങനെ പറഞ്ഞു എന്ന് യോഹന്നാൻ വിവരിച്ചിരിക്കുന്നതിൽ നിന്നു മനുഷ്യപുത്രൻ **ഉയർത്തപ്പെടും** എന്ന പ്രയോഗം യേശുവിന്റെ ക്രൂശുമരണത്തെ കുറിക്കുന്നു എന്ന് തെളിവാകുന്നു. എന്നാലും യേശുവിനെ സംബന്ധിച്ചിടത്തോളം അവൻ ക്രൂശിൽ ഉയർത്തപ്പെട്ടത് അവൻ സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെടുന്നതിന്റെ ആദ്യഘട്ടമായും ഇരിക്കുന്നു.

മനുഷ്യപുത്രൻ **ഉയർത്തപ്പെടണമെന്ന** യേശുവിന്റെ വാക്കിൽ **ഉയർത്തപ്പെടേണം** എന്ന വാക്ക് മൂലഭാഷയിൽ **നിർബന്ധമായും** നടക്കേണ്ട പ്രവർത്തിയെ ചൂണ്ടികാണിക്കുന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അതായത് യേശുക്രിസ്തു നിർബന്ധമായും മരിക്കണം. എന്തുകൊണ്ടെന്നാൽ **അവന്റെ മരണം കൊണ്ട് മാത്രമേ ജനങ്ങൾക്ക് പാപക്ഷമയും, നിത്യജീവനും** ലഭിക്കുകയുള്ളൂ. യഥാർത്ഥത്തിൽ മനുഷ്യന്റെ പാപത്തിന് വേണ്ടിയുള്ള ഒരേ ഒരു പരിഹാരം **യേശുവിന്റെ ക്രൂശുമരണം** മാത്രമാണ്. ദൈവത്താൽ ലോകത്തിന് ഏർപ്പെടുത്തി കൊടുക്കപ്പെട്ടിട്ടുള്ള ഈ പാപക്ഷമയുടെ മാർഗത്തെ വിശ്വസിച്ച് സ്വീകരിക്കുന്നവർക്ക് നിത്യജീവൻ ഉണ്ടായിരിക്കും എന്ന് നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്.

# വേദപഠനം

## വേദപഠനം 1

**മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതൻമാർ കയറുകയും ഇറങ്ങുകയും........ യോഹ. 1 : 51**

**ആദ്യമൂന്നു സുവിശേഷ പുസ്തകങ്ങളിലും** ഇല്ലാത്ത, യേശു അരുളിചെയ്ത പല വചനങ്ങൾ '**യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ** പ്രതിപാദിച്ചിരിക്കുന്നു. ഈ സുവിശേഷത്തിൽ നമ്മെക്കൊണ്ട് മനസിലാക്കാൻ കഴിയാത്ത പല കഠിനമായ വചനങ്ങൾ ഉണ്ട്. അതിൻപ്രകാരം യേശു ആദ്യമായി പറഞ്ഞ കഠിനമായ വാക്ക് നഥനയേലിനോടു പറഞ്ഞ കാര്യമാണ്. യേശു ആരെന്ന് നഥനയേൽ മനസിലാക്കിയപ്പോൾ യേശു അവനെ നോക്കി ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു. **സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതൻമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും** എന്നു പറഞ്ഞു (യോഹ. 1:51).

യേശുവിന്റെ ഈ വാക്കിന്റെ അർത്ഥത്തെ അറിയുന്നത് കഠിനമായിരിക്കുന്നതിന് കാരണം യേശു ഈ വചനത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള ഒരു സംഭവത്തെ **സ്വർഗ്ഗം തുറന്നിരിക്കുന്നതും** ദൈവദൂതൻമാർ മനുഷ്യപുത്രന്റെ അടുക്കൽ **കയറുന്നതും, ഇറങ്ങുന്നതും** അവന്റെ ശിഷ്യൻമാർ കണ്ടതിനെക്കുറിച്ച് സുവിശേഷത്തിൽ പറഞ്ഞിട്ടുള്ളതാണ്. പുതിയ നിയമത്തിൽ നാലു സ്ഥലത്ത് മാത്രമേ **സ്വർഗ്ഗം തുറന്നതിനെക്കുറിച്ച്** നമുക്ക് വായിക്കാൻ കഴിയുകയുള്ളൂ. തുടക്കത്തിൽ യേശുവിന്റെ സ്നാനത്തിന്റെ സമയം, **സ്വർഗ്ഗം തുറന്നു** പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെ മേൽ ഇറങ്ങിയതിനെപ്പറ്റി ലൂക്കോ. 3:21,22 –ൽ കാണിക്കുന്നു. അതിന്ശേഷം **സ്തേഫാനോസ്** രക്തസാക്ഷിയായി

മരിക്കുമ്പോൾ **സ്വർഗ്ഗം തുറന്നിരിക്കുന്നതും** യേശു മഹത്വത്തിൽ **നില്ക്കുന്നതും** അവൻ കണ്ടു (അപ്പോ. 7:55,56). അതുപോലെ പത്രോസിനും, യോഹന്നാനും കിട്ടിയ ദർശനങ്ങളിലും **സ്വർഗ്ഗം തുറന്നിരിക്കുന്നതായി** അവർ കണ്ടു (അപ്പോ. 10:10,12, വെളി. 40, 19:11) എന്നാലും ഈ സന്ദർഭങ്ങളിൽ യേശു നഥനയേലിനോട് പറഞ്ഞതുപോലെ വേറെ ആരും ദൈവദൂതൻമാർ മനുഷ്യപുത്രന്റെ അടുക്കൽ കയറുന്നതും, ഇറങ്ങുന്നതും കണ്ടില്ല. അതുകൊണ്ട് യേശുക്രിസ്തു നഥനയേലിനോട് **ഏതിനെക്കുറിച്ചാണ് മുന്നറിയിപ്പു കൊടുത്തതെന്ന്** അറിയാൻ കഴിയാത്തവരായിരിക്കുന്നു.

യഥാർത്ഥത്തിൽ യേശുക്രിസ്തു പറഞ്ഞ വിധത്തിലുള്ള ഒരു സംഭവം പഴയനിയമത്തിൽ **യാക്കോബിന്റെ ദർശനത്തിലും** ഉണ്ടായിരുന്നു. അതിനാൽ ക്രിസ്തീയ വേദ പണ്ഡിതൻമാരും യാക്കോബിന്റെ ദർശനത്തെ അടിസ്ഥാനമാക്കിക്കൊണ്ട് തന്നെ യേശുവിന്റെ വാക്കുകളേയും വിവരിക്കണം എന്നു ചൂണ്ടിക്കാണി ക്കുന്നു. എങ്ങനെയെന്നാൽ യേശു പറഞ്ഞിട്ടുള്ള പ്രകാരം സ്വർഗ്ഗത്തിനും ഭൂമിക്കും മദ്ധ്യേ ഇരുന്ന ഗോവണിയിൽ ദൈവദൂതൻമാർ **കയറുന്നതും ഇറങ്ങുന്നതും** യാക്കോബു കണ്ടു (ഉല്പ. 28:12) എന്നാലും യാക്കോബിന്റെ ദർശനത്തിൽ **സ്വർഗ്ഗം തുറന്നിരിക്കുന്നതിനെക്കുറിച്ച്** പറഞ്ഞിട്ടില്ല. രണ്ടിലും ഉള്ള പൊതുവായ വിഷയം സ്വർഗ്ഗത്തിനും ഭൂമിയ്ക്കും ഇടയിലുള്ള ബന്ധമാണ്. യാക്കോബിന്റെ ദർശനത്തിലുള്ള **ഗോവണിക്ക് പകരം മനുഷ്യപുത്രൻ സ്വർഗ്ഗത്തിനും, ഭൂമിയ്ക്കും ഇടയിൽ ഗോവണിയായിരിക്കുന്നു** എന്നതാണ് യേശുവിന്റെ വാക്ക്.

യേശുവിന്റെ ഈ വാക്കുകൾ നഥനയേലിനോടുള്ള സംഭാഷണ ത്തിൽ ഇടംപിടിച്ചിട്ടുള്ളതുകൊണ്ട് യേശു അവനെ കണ്ടപ്പോൾ നഥനയേൽ യാക്കോബിന്റെ ദർശനത്തെക്കുറിച്ചുള്ള വേദഭാഗത്തെ ധ്യാനിച്ചു കൊണ്ടിരുന്നതായി ചില വേദ പണ്ഡിതൻമാർ കരുതുന്നു. നഥനയേൽ തന്റെ അടുക്കലേക്ക് വരുന്നതിന് തൊട്ടുമുമ്പ് അവനെ യേശു അത്തിമരത്തിന്റെ ചുവട്ടിൽ വച്ച് കണ്ടതായി പറഞ്ഞിട്ടുണ്ട് (യോഹ. 1 : 48). അത്തിമരം തണൽ തരുന്നതുകൊണ്ട് പ്രാർത്ഥിക്കാനും വചനം ധ്യാനിക്കുന്നതിനും ആ

കാലത്തുള്ള യഹൂദൻമാർ ആ മരത്തിന്റെ ചുവട്ടിൽ ഇരിക്കുന്നത് ശീലമാണ്. ഇങ്ങനെ **നഥനയേൽ പഴയനിയമത്തിൽ** പറഞ്ഞിട്ടുള്ള **യാക്കോബിന്റെ ദർശനത്തെ** ധ്യാനിച്ചുകൊണ്ടിരുന്നതുകൊണ്ട് അപ്രകാരമുള്ള സംഭവം യേശു പറഞ്ഞതായി കരുതുന്നു.

**സ്വർഗ്ഗം തുറക്കപ്പെടുന്ന ദർശനം ദൈവീകമായ കാര്യങ്ങളെ** ജനങ്ങൾക്ക് കാണിക്കുന്ന **സ്വർഗ്ഗത്തിന്റെ കാഴ്ചയാണ്.** അതുകൊണ്ട് **സ്വർഗ്ഗീയ കാര്യങ്ങൾ** മനുഷ്യർക്ക് വെളിപ്പെടുത്തുന്നതിന് വേണ്ടിയാണ് യേശു ഇവിടെ ഇങ്ങനെ പറഞ്ഞിരിക്കുന്നത് അതോടുകൂടെ **മനുഷ്യപുത്രന്റെ അടുക്കൽ** എന്ന് പരിഭാഷപ്പെടുത്തി യിട്ടുള്ള വാക്ക് മൂലഭാഷ പ്രകാരം **മനുഷ്യപുത്രന്റെ**മേൽ എന്നായിരിക്കണം അതായത് ദൈവദൂതൻമാർ മനുഷ്യപുത്രന്റെ അടുക്കൽ നിന്ന് സ്വർഗ്ഗത്തിലേയ്ക്ക് കയറുന്നവരായും സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് ഇറങ്ങുന്നവരായും എന്നു പറഞ്ഞിരിക്കുന്നു. യഥാർത്ഥത്തിൽ മനുഷ്യപുത്രൻ യേശു തന്നെയാണ്, സ്വർഗ്ഗത്തിനും ഭൂമിയ്ക്കും ഇടയിലുള്ള ഗോവണിയായിരിക്കുന്നത്. അതുകൊണ്ടാണ് **സ്വർഗ്ഗീയ കാര്യങ്ങളെ ജനങ്ങൾക്ക് പറഞ്ഞു കൊടുക്കുന്നവനായും** ജനങ്ങൾക്ക് **സ്വർഗ്ഗത്തെ തുറന്നു കാണിച്ചു** കൊടുത്തവനായും യേശു തന്നെത്തന്നെ ചൂണ്ടിക്കാണിക്കുന്നു.

മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതൻമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതായി യേശു പറഞ്ഞിട്ടുള്ള കാര്യം **ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേക്ക്** ചെല്ലുന്ന വഴി യേശു മാത്രമാണെന്നുള്ള തിനേയും സ്വർഗ്ഗത്തിൽ നിന്ന് ദൂതൻമാർ ഇറങ്ങിവരുന്നത്, **സ്വർഗ്ഗീയ വാർത്തകൾ ഭൂമിയിലേയ്ക്ക് വരുന്നത് യേശുമൂലം മാത്രമാണെന്നുള്ളതും** അറിയാൻ കഴിയും. സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയിൽ ഒരേ ഒരു പാലം യേശു മാത്രം. അവൻ **സ്വർഗ്ഗത്തിലെ കാര്യങ്ങളെ ഭൂമിയിലേക്കു കൊണ്ടുവരുന്നതോടുകൂടെ ഭൂമിയിലുള്ള മനുഷ്യരെ സ്വർഗ്ഗത്തിലേക്ക് കൊണ്ടു പോകുകയും ചെയ്യുന്നവനാണ്.**

**വേദപഠനം 2**

## സ്ത്രീയെ എനിയ്ക്കും നിനക്കും എന്ത്? യോഹ. 2 : 4

### യേശുക്രിസ്തുവിന്റെ വാക്കുകളിൽ **ഗ്രഹിയ്ക്കാൻ**

**കുറിപ്പ് : വചനത്തിന്റെ അടിസ്ഥാനത്തിൽ നല്ല വാർത്തകളെ** മറ്റു ആത്മീയ മാസികകളിൽ നിന്നും എടുത്ത് എന്റെ വായനക്കാർക്കായ് ജാമക്കാരനിൽ ഞാൻ പ്രകാശനം ചെയ്യും. എന്റെ വായനക്കാരുടെ ആത്മീയ വർദ്ധനയാണ് എനിക്ക് പ്രധാനം. അതിന്റെ അടിസ്ഥാനത്തിൽ നല്ല വേദപണ്ഡിതൻമാർ എഴുതിയിട്ടുള്ള വാർത്തകളെ ജാമക്കാരനിൽ ചേർക്കുന്നു. **ദൈവവചനത്തിൽ പരിപുഷ്ടി പ്രാപിക്കുന്നത് വളരെ പ്രാധാന്യം അർഹിക്കുന്നതാണ്.** ക്രിസ്തീയ ലോകത്തിൽലക്ഷക്കണക്കിന് ക്രിസ്തീയ മാസികകൾ പുറത്തു വരുന്നു. അവയെ വായനക്കാർ തിരഞ്ഞെടുക്കുമ്പോൾ പ്രാർത്ഥിച്ചു മാത്രമേ തിരഞ്ഞെടുക്കാൻ പാടുള്ളൂ.

രോഗ സൗഖ്യ യോഗങ്ങൾ നടത്തുന്നവരാൽ പുറത്തുവിടുന്ന മാസികകളിൽ കാണുന്ന സാക്ഷ്യങ്ങൾ, അതാതു യോഗങ്ങളിൽ തന്നെ സ്റ്റേജുകളിൽ പറയിപ്പിക്കുന്ന സാക്ഷ്യങ്ങൾ, **ഒന്നും വായനക്കാർക്ക് ദൈവഭക്തിയിൽ വളർച്ചയുണ്ടാക്കുന്നില്ല.** ആ സാക്ഷ്യങ്ങൾ, നിങ്ങളും അതുപോലെ സൗഖ്യം ആകണമെന്ന ആഗ്രഹത്തെ മാത്രമേ നിങ്ങളിൽ ഉണ്ടാക്കുകയുള്ളൂ. എന്നാൽ നിങ്ങളുടെ **ആത്മാവിനെ** അതു സ്പർശിക്കുന്നില്ല. അതുമാത്രമല്ല നിങ്ങളെ **കുഴപ്പത്തിൽ** ആക്കുന്ന ആപത്തും, അങ്ങനെയുള്ള മാസികകളെ നിങ്ങൾ വായിക്കുന്നതുമൂലം ഉണ്ടാകും ജാഗ്രത.

**ONLINE BANKING (NEFT)**

**Dr. M.G.E. PUSHPARAJ**, **SALEM - 636 005. INDIA**

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842** SWIFT CODE - SBININBB637- 10764116842

IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.** SWIFT CODE - CNRB0001219 -1219101013622.

IFSC CODE - IFSC CNRB0001219- 1219101013622.

## മലേഷ്യാ ദൈവവേലകൾ





മലേഷ്യയിൽ എന്റെ ആദ്യത്തെ യോഗം പിനാങ്ങിലുള്ള വിക്ടറി ലൂഥറൻ ചർച്ചിൽ വച്ച് നടന്നു. റവ. ആർ. മൈക്കിൾ ജോൺ അവർകളുടെ ചുമതലയിൽ ഈ യോഗങ്ങൾ വളരെ അനുഗ്രഹപ്രഥമായി നടന്നു കഴിഞ്ഞു. അച്ചന്റെ ഭാര്യ നല്ല പ്രാർത്ഥനാ ഭാരമുള്ള സ്ത്രീയാണ്. ആ കൊച്ചമ്മയുടെ പ്രാർത്ഥനയുടെ പിൻബലമാണ് ആ സഭ ആത്മീയതയിൽ വളരാൻ കാരണമായിരുന്നത്.

ഇവിടെ ഒരു പകൽ വേദപഠനത്തിന് വേണ്ടിയും ചോദ്യോത്തരത്തിന് വേണ്ടിയും ഏർപ്പാട് ചെയ്തിരുന്നു. ഒരു പകൽ യോഗത്തിൽ മാത്രം 6 മണിനേരം ഞാൻ പ്രസംഗിച്ചു. പ്രസംഗങ്ങളെല്ലാം വീഡിയോ എടുത്തിരുന്നു. വളരെ ദൂരത്തിലിരുന്നു കാറിലും വാനിലും പല സഭാവിശ്വാസികൾ യോഗങ്ങളിൽ പങ്കെടുത്തു.

എന്റെ ജാമക്കാരൻ വായനക്കാരായ കുടുംബങ്ങളെ നേരിട്ട് കണ്ട് ആളാംപ്രതിയായി പ്രാർത്ഥിക്കാനും, സംസാരിക്കാനും സാധിച്ചതിൽ എനിക്ക് മനതൃപ്തിയായി. ദൈവത്തിന് മഹത്വം ഉണ്ടാകട്ടെ.



പിനാങ്ങിൽ മറ്റൊരു ഭാഗത്തിലുള്ള ലൂഥറൻ സഭയിലും പ്രസംഗിച്ചു (കോലാലംപൂർ).

## *Port Klang* ലൂഥറൻ ചർച്ച് യോഗങ്ങൾ

മലേഷ്യയിൽ നടന്ന ഈ യോഗങ്ങളും വളരെ പ്രയോജനകരമായിരുന്നു. പലരുടെ ആത്മീയമായ ചോദ്യങ്ങൾക്ക് യോഗത്തിൽ തന്നെ മറുപടി നല്കി. ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ.

## കൊറോണ വൈറസ്

**മരണ ആപത്തിൽ നിന്ന് ദേശം - മക്കളെ രക്ഷപ്പെടുത്തുവാൻ എന്തുചെയ്യണം?**

സത്യമുള്ള ജീവനുള്ള ദൈവത്തെ മനസ്സിലാക്കിയവർ ചേർന്ന് ഉപവസിച്ച് ദൈവത്തോട് പ്രാർത്ഥിച്ചാൽ സംഹാരകാരണമായ വൈറസ് പടർന്ന് ദേശത്തെ ആക്രമിക്കാത്തവണ്ണം കർത്താവ് സംരക്ഷണം തരും. വലിയ മരണ ബാധിപ്പിൽ അകപ്പെട്ടിരിക്കുന്ന ചൈന പോലുള്ള മറ്റു ദേശങ്ങളേയും ദൈവം സംരക്ഷിച്ച് ക്ഷേമത്തെ നല്കും.

ചൈനയിലുള്ള ചീനാമതക്കാർ ആരാധിക്കുന്ന ദൈവം പിശാചാകുന്നു. അതിനെയാണ് അവർ ഡ്രാഗൺ എന്നു വിളിക്കുന്നത്. ആ ചൈനാ ദേശത്തിലെ ജനങ്ങൾ പിശാചിനോടുള്ള ബന്ധത്തെ ഉപേക്ഷിച്ച് ജീവനുള്ള ദൈവമായ യേശുക്രിസ്തുവിനെ അന്വേഷിക്കാൻ തുടങ്ങിയാൽ തീർച്ചയായും ദൈവം ആ ദേശത്തിൻമേൽ മനസലിയും **സങ്കീ. 127:1 യഹോവ പട്ടണം (ദേശം) കാക്കാതിരുന്നാൽ കാവൽക്കാരൻ വ്യഥാ ജാഗരിക്കുന്നു.** ഹസക്കേൽ 22:30 **ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം ......... ഇടിവിൽ നില്ക്കേണ്ടതിന് ഒരു പുരുഷനെ അവരുടെ ഇടയിൽ അന്വേഷിച്ചു ആരേയും കണ്ടില്ല**

**APRIL - 2020**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.